2022 മെയ്, ജൂൺ, ജൂലായ്
ത്രൈമാസിക
₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക



ഇയ്യങ്കോട് ശ്രീധരൻ <> പി.ആർ നാഥൻ <> ശ്രീധരനുണ്ണി
പുരുഷൻ കടലുണ്ടി <> ഭാസി മലാപ്പറമ്പ് <> പൂനൂർ കെ. കരുണാകരൻ
ജോസഫ് പൂതക്കുഴി <> രജികുമാർ പുലാക്കാട്
വിനോദ് കുമാർ ദാമോദർ <> പ്രഭാകരൻ നറുകര
നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ

ELECTRICALS
PEE KAY
ELECTRICALS
WHOLESALE & RETAIL
City Tower, Mavoor Road, Calicut
Ph: 0495 2720330 / 4060090 Mob: 9447393749
E-mail: pkelectricals.clt@gmail.com
www.peekeyelectricals.in
Finolex HAVELLS legrand ANCHOR Crabtree RR KABEL USHA Crompton



# മഹാത്മാ കോളേജ്

ചെറുവണ്ണൂർ, കോഴിക്കോട്,
ഫോൺ : 9388968863, 2483500, 2487724
+1 & +2(Com, Hum), B.Com, B.A.

## നടരാജ നൃത്ത സംഗീത വിദ്യാലയം

മഹാത്മാ കോളേജ് ബിൽഡിംഗ്,
മൊബൈൽ : 9388968863, 0495 2483500, 2487724





ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി, കേരളനടനം, നാടോടി നൃത്തം, ശാസ്ത്രീയ സംഗീതം, വയലിൻ, കീബോർഡ്, ഗിറ്റാർ, ജാസ് ഡ്രംസ്, തബല, പിയാനോ, ഇടക്ക, മൃദംഗം, ഹാർമോണിയം, ചിത്രരചന





SRISHTY

# Srishty Consultants

N.T.C Building, Pottammal, Calicut - 17, Ph: 0495 2744585, E-mail: shajusrishty@gmail.com



**Er. Shaju Kollambalath,**
**BE** (Civil), **ME**(Structures), **MIE, MICI**
Chartered Engineer (India)
**Mob: 9447702585**

CIVIL ENGINEERS ★ STRUCTURAL ENGINEERS ★ ARCHITECTURAL CONSULTANTS




**മുഖചിത്രം**
**ലക്ക്ഷ്മി ഗോപാലസ്വാമി**
**(ഫിലിം സ്റ്റാർ))**

**NAKSHATRA RAJYAM**
**Tri - Monthly (QUARTERLY) Magazine**
**2022 MAY, JUNE, JULY**
**RNI Title Code: KERMAL 16195 Dt: 22-06-2018**
**Reg: DCKKD-5221/17-A1A dtd 20-08-2018**
**Issue 16 volume 4**
**Managing Editor, Publisher & Owned by**
**Nakshthrarajyam E. Radhakrishnan**
**Edoli House, Kommeri P.O.**
**Kozhikode - 673007, Kerala State**
**ADDRESS**
**Managing Editior**
**NAKSHATHRA RAJYAM**
**P.B. No.1205**
**Mankave P.O., Kozhikode - 7**
**Kerala, India**
**Mob: 98 47 64 95 67**
**97 44 23 39 97**
**e-mail : nakshathrarajyam@gmail.com**
**WEB**
**www.nakshathrarajyameradhakrishnan.in**
**LAYOUT**
**Nakshthrarajyam E. Radhakrishnan**
**COVER**
**Sayooj Mayanad**
**Price Rs-10.**



# എഡിറ്റോറിയൽ

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

## നാടക നടൻ ശ്രീ മാധവൻ കുന്നത്തറ




നാടക പ്രവർത്തകരുടെ ദേശീയ സംഘടനയായ "നന്മ" യുടെ സംസ്ഥാന പ്രസിഡണ്ടായും-കോഴിക്കോട് "കലിംഗ തിയേറ്റേഴ്സ് " സമിതിയിലെ നടനായും-സ്വന്തമായി രൂപികരിച്ച "മാസ് കോഴിക്കോട് എന്ന നാടക സമിതിയുമായും- ആകാശവാണിയുടെ റേഡിയോ നാടക വോയ്സ് ആർട്ടസ്റ്റായും മലയാള നാടക മേഖലയിൽ തനതു വ്യക്തിത്വം പുലർത്തി കഴിഞ്ഞ ആറര പതിറ്റാണ്ടുകാലം നാടക മേഖല ജീവിതോപാധിയാക്കിയാക്കിയ മാധവൻ കുന്നത്തറ എന്ന മഹാ പ്രതിഭ മേയ് 7 ന് ശനിയാഴ്ച അർദ്ധരാത്രി അന്തരിച്ചു.

അദ്ദേഹത്തിന്റെ ശ്രമഫലമായി "കെ.ടി. മുഹമ്മദ് നാടക പഠന കേന്ദ്ര" ത്തിന്റെ ഔദ്യോഗിക ഭാരവാഹിയായി കഴിഞ്ഞ മൂന്നു വർഷം പലപ്പോഴായി അദ്ദേഹവുമായി ബന്ധപ്പെടാൻ എനിക്കു സാധിക്കുമായിരുന്നു. അതിനും മുൻപേയും "നന്മയുടെ സിറ്റി മേഖല കമ്മറ്റി" യുടെ ഔദ്യോഗിക ഭാരവാഹിയായ എനിയ്ക്ക് അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞതിൽ അതിയായ ചാരിതർത്ഥ്യം ഉണ്ടായിട്ടുണ്ട്.

മരണത്തിനുമുൻപ് ആർ.എൻ.ഐ. ടൈറ്റിൽ രജിസ്റ്റർ ചെയ്ത് "കലിംഗ" എന്ന ഒരു മാസിക അദ്ദേഹം ഒരു ലക്കം മാത്രം പ്രസിദ്ധികരിക്കുകയുണ്ടായി. ഇക്കാലത്ത് അദ്ദേഹത്തിന് രോഗം പിടിപെട്ടതിനാൽ പിന്നീട് "കലിംഗ" പ്രസിദ്ധീകരണം നിലച്ചു. "കലിംഗ" യുടെ രജിസ്ട്രേഷൻ പ്രവർത്തികൾക്കു സഹായം ചെയ്യുന്നതിനായി എന്നെ ക്ഷണിച്ച പ്രകാരം നിരന്തരം അദ്ദേഹവുമായി സഹകരിക്കേണ്ടി വന്നിരുന്നു. നല്ലൊരു നാടക പ്രവർത്തകനും നാടക സംഘാടകനും നടനും സംവിധായകനും നാടക രചയിതാവും ആയ "മാധവൻ കുന്നത്തറ" എന്ന ജ്യേഷ്ഠസഹോദര സ്ഥാനീയൻ സമൂഹത്തിൽനിന്ന് എന്നെന്നേക്കുമായി മൺമറഞ്ഞതിൽ അതിയായി ഖേദിക്കുന്നു. അതോടൊപ്പം ഞാനും അദ്ദേഹത്തെപ്പോലെ നാടകപ്രവർത്തകനാണെന്നതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു മാധവൻ കുന്നത്തറക്ക് "നക്ഷത്രരാജ്യം ത്രൈമാസിക" യുടെ മാനേജിംഗ് എഡിറ്റർ എന്ന നിലയിലും നക്ഷത്രരാജ്യം വായനക്കാർക്കു വേണ്ടിയും നാടക-മാധ്യമ സഹപ്രവർക്കു വേണ്ടിയും നാടക ആസ്വാദകർക്കു വേണ്ടിയും ഹൃദയപൂർവ്വം ആദരാഞ്ജലികൾ അർപ്പിക്കുന്നു.


**മാനേജിംഗ് എഡിറ്റർ**

ചെറുകഥ



ഇയ്യങ്കോട് ശ്രീധരൻ

# പാപത്തിന്റെ നിഴൽ



അപ്പുക്കുട്ടൻനായരെ ഇന്നലെ തോമസ്സും സുകുമാരനും ചേർന്ന് അയാളുടെ വീട്ടിൽ കൊണ്ടു പോയി വിട്ടു. അവർ ഇന്ന് തിരിച്ചെത്തി. അപ്പോഴേ എനിക്കു ശ്വാസം നേരെ വീണുള്ളൂ.

അത്രമാത്രം ആ മനുഷ്യനേയും കൊണ്ട് ഞങ്ങൾ വിഷമിച്ചിരുന്നു. കഴിഞ്ഞ രണ്ടാഴചയായി ഞങ്ങൾ മൂന്നുപേരും ശരിയ്ക്കും ഉറങ്ങിയിട്ടില്ല. ഓരോരുത്തരും ഊഴമിട്ടു ഇരിക്കയായിരുന്നു. രാത്രിയിൽ വല്ല അപകടവും പിണഞ്ഞാൽ പിന്നെയും തൂങ്ങി ത്തിരിയേണ്ടതു ഞങ്ങൾ തന്നെ യാണല്ലോ.

സത്യത്തിൽ അങ്ങനെ യൊരുത്തനെ സഹായിച്ചതു കൊണ്ട് ഞങ്ങൾക്ക് മോക്ഷ മൊന്നും കിട്ടില്ല. അയാളുടെ വീട്ടു കാരേക്കാൾ താല്പര്യത്തോടെ യാണ് ഞങ്ങൾ അയാളെ ശുശ്രൂ ഷിച്ചതെന്നു ശത്രുക്കൾ കൂടി സമ്മതിക്കുന്ന വസ്തുതയാണ്.

ചായ എന്നു മുഴുവൻ പറയേണ്ട, അപ്പോഴേയ്ക്കും ചായ! കൃത്യസ മയത്തു മരുന്നു... ചൂടുവെള്ളം... കാലു തിരുമ്മൽ... കിടക്കവിരി ക്കൽ എന്നുവേണ്ട... അയാളുടെ ധർമ്മപത്നി ചെയ്യേണ്ട കാര്യ ങ്ങൾ മുഴുവൻ ഞങ്ങളാൽച്ചിലർ ഏറ്റെടുത്തു നടത്തുകയായിരുന്നു. ആ മനുഷ്യൻ അസുഖം മാറി യാൽ എല്ലാവർക്കും കൃതജ്ഞത നൽകുമെന്നു വിചാരിച്ചിട്ടൊന്നു മില്ല.

ഇത്രയൊക്കെ ചെയ്തത് ഇങ്ങിനെ എല്ലാവരോടും വീമ്പിള ക്കാനാണോ എന്നു ചോദിക്കുന്ന വരുണ്ടാകും... എങ്കിൽ അവർക്കൊരു മറുപടിയുണ്ട്.

മറ്റാർക്കുവേണ്ടി ചെയ്താലും ഞങ്ങളാവകയൊന്നും ഒരു പൂച്ച ക്കുട്ടിയോടും പറയില്ല.

പക്ഷെ അപ്പുക്കുട്ടൻനായരുടെ കഥ നേരെ വിപരീതമാണ്.

അയാൾക്കുവേണ്ടി ഞങ്ങളനുഭ വിച്ച ക്ലേശങ്ങൾ സർവരോടും പറ യും. സൗകര്യം കിട്ടിയാൽ മൈതാനങ്ങളിൽ പ്രസംഗിക്കും ബഹുജനത്തെ അറിക്കാനുള്ള ഉപാധികളെല്ലാം സ്വീകരിക്കുമെ ന്നർത്ഥം.

കാരണം, അപ്പുക്കുട്ടൻനായർ നമ്പർ വൺ ചെറ്റയായിരുന്നു. ദുഷ്ടനായിരുന്നു; അർക്കീസനാ യിരുന്നു; പരദൂഷണക്കാരനായിരു ന്നു.

ഇക്കഴിഞ്ഞ കൊല്ലം ആദ്യത്തിൽ തോമസ്സിന്റെ ലോഡ്ജിലേയ്ക്കു താമസം മാറ്റിയപ്പോഴാണ് ഞാൻ അപ്പുക്കുട്ടൻനായരുമായി പരിചയ പ്പെടുന്നത്. അതിനുമുമ്പും കണ്ടി ട്ടുണ്ടെന്നല്ലാതെ; ആരാണ് എന്താണ് എന്നൊന്നും അറിയി ല്ലായിരുന്നു. ലോഡ്ജിന്റെ തൊട്ട ടുത്തുള്ള ഒരു കൊച്ചുവീട്ടിലാണ് അപ്പുക്കുട്ടൻനായരും കുടുംബവും താമസിക്കുന്നത്. കുടുംബമെന്നു പറഞ്ഞാൽ ഭാര്യയും രണ്ടു കുട്ടി കളും.

ഞാൻ വരുന്ന സമയത്തു, സുകു മാരൻ പിന്നെ അമ്പി എന്ന പേരി ലറിയപ്പെടുന്ന പരമേശ്വരയ്യർ, തോമസ്സ് എന്നിവരായിരുന്നു ലോഡ്ജിൽ താമസം. ഗ്രാമത്തി ലെവിടെയോ ഒരു വളഞ്ഞുതി രിഞ്ഞ ബന്ധം കണ്ടെത്തിയതി നെത്തുടർന്ന് അധികം താമസി യാതെ അമ്പി, ലോഡ്ജ് ജീവിതം അവസാനിപ്പിച്ചു.

"റൊമ്പനാളാച്ച് ചിറ്റപ്പാ ക്രൂപ്പിട റതു... നാൻ എന്നാ പണ്ണം..."

ഒരു ദിവസം അമ്പി വിനീതവിധേയനായി തോമസിനോട് പറയുന്നത് കേട്ടു. അവനാണല്ലോ ലോഡ്ജ് മാനേജർ തന്നെയല്ല തോമസ്സിനെ അമ്പിയ്ക്കു പേടിയുമാണ്. കാരണം, അമ്പിയെ ഒരുദിവസം തനിയ്ക്കു വഴിയിൽനിന്നു കളഞ്ഞുകിട്ടിയതാണെന്നായിരുന്നു തോമസ്സ് പറയാറ്. അതു വാസ്തവമാണെന്ന മട്ടിൽ അമ്പി മൗനം ദീക്ഷിക്കാറുണ്ട്.

എ.ഈ.ഒ ആപ്പീസിൽ ക്ലാർക്കുദ്യോഗവുമായി സ്ഥലത്തെത്തിയ അമ്പി ഭൂമിശാസ്ത്രം മനസ്സിലാവാതെ താമസിക്കാനിടമില്ലാതെ, കഴിക്കുവാൻ ഭക്ഷണമില്ലാതെ പാതയിൽ അലഞ്ഞുതിരിയുകയായിരുന്നുവെന്ന് ഐതിഹ്യം. സ്വാമിയ്ക്കാണെങ്കിൽ തൈരും ഊരുകാ (ഉപ്പിലട്ടതു)യുമില്ലാതെ ഊണു ചെല്ലില്ല. രണ്ടു ദിവസം തൈരു കിട്ടിയില്ലെങ്കിൽ പട്ടന്മാർ ചത്തുപോകുമത്രെ! അമ്പിയാണ് പറഞ്ഞത്.

ഇത്തരത്തിലൊരു ദുർഘടസന്ധിയിൽ നിന്നാണ് തോമസ് അമ്പിയെ രക്ഷപ്പെടുത്തിയത്. അങ്ങിനെ തോമസ്സ് അമ്പിയുടെ രക്ഷിതാവായി. അതുകാരണം ഗ്രാമത്തിലേയ്ക്കു താമസം മാറ്റണമെന്ന മോഹം തുറന്നു പറയാനൊരു മടി. ഒടുവിൽ സുകുമാരനാണ് അമ്പിയെക്കൊണ്ടു പറയിപ്പിച്ചത്.

അമ്പി പോയതില്പിന്നെ നാലു മുറികളുള്ള ലോഡ്ജിൽ ഞങ്ങൾ മൂന്നുപേർ മാത്രമായി. അപ്പോഴാണ് അപ്പുക്കുട്ടൻനായരുടെ രംഗപ്രവേശം. അയാൾ താമസിക്കുന്നിടത്തു യാതൊരുവിധ സൗകര്യവുമില്ലത്രെ! മൂപ്പിലാൻ ഇടയ്ക്കിടക്കു വരും. എല്ലാവരും തമ്മിൽ വലിയ മൈത്രിയിലായി. തോമസ് ഒച്ചവക്കുന്നമട്ടുകാരനാണെങ്കിലും സ്വതവേ ആളു ശുദ്ധനാണ്. ക്രമത്തിൽ അപ്പുക്കുട്ടൻ നായർ തോമസ്സിനെ പല പ്രകാരത്തിലും ചൂഷണം ചെയ്യാൻ തുടങ്ങി. അങ്ങിനെ അമ്പി താമസിച്ചിരുന്ന മുറി അപ്പുക്കുട്ടൻനായരുടെ സ്വന്തമെന്ന മട്ടായി. പകൽ മിക്ക സമയവും അയാൾ ഞങ്ങളുടെ ലോഡ്ജിൽത്തന്നെയായിരിക്കും. രാത്രി ഉറങ്ങാൻമാത്രം സ്വന്തം ആശ്രമത്തിലേയ്ക്കു പോകും. ഒഴിവു ദിവസങ്ങളിൽ ഞങ്ങൾ ഹോട്ടലിൽനിന്നു വരുത്തുന്ന ആഹാരത്തിൽ ആ മനുഷ്യനും പങ്കുചേരും.

ഞാനും സുകുമാരനും സ്ക്കൂളിലേയ്ക്കു പോയാൽ പിന്നെ അപ്പുക്കുട്ടൻനായർ തനിച്ചാവും ലോഡ്ജിൽ. തോമസ്സിന്ന് പി. ഡബ്ല്യൂ. ഡി ആപ്പീസിലാണ് ജോലി. അവൻ കാലത്തു ഏഴ് ഏഴരയാവുമ്പോൾ സ്ഥലം വിടും.

അപ്പുക്കുട്ടൻനായർക്കു ആപ്പീസിൽ പോക്കൊന്നുമില്ല. ബ്ലോക്കിലെ ഗ്രമസേവകനാണ്. ലോഡ്ജിൽ നടന്നും ഇരുന്നും കിടന്നുമെല്ലാം അയാൾ ഒരു പകൽ ഉന്തിത്തള്ളും. ആഴ്ചക്കാഴ്ചക്കു അതിഗംഭീരമായ ഓരോ റിപ്പോട്ടെഴുതി ബ്ലോക്കാപ്പീസിലേക്കു അയക്കും. ഗ്രാമത്തിന്റെ വമ്പിച്ച പുരോഗതിയെപ്പറ്റിയും മറ്റും.

ഞങ്ങളില്ലാത്തസമയത്തു, വഴിപോക്കരയെല്ലാം വിളിച്ചുവരുത്തി അയാൾ ലോഡ്ജിലിരുന്നു ശീട്ടുകളിയാരംഭിക്കും. പറ്റിയസ്ഥലമായി സ്വന്തം വീട്ടിൽ ശല്യവുമില്ല. വാടകയിനത്തിൽ ഒരു പൈസ ചിലവില്ല. പോരാത്തതിന്ന് തോമസ്സിന്റെ മുറിയിൽ അയാൾക്കു സർവ്വസ്വാതന്ത്ര്യവുമുണ്ട്. അവിടെ സിഗരറ്റുണ്ട്. വലിക്കാം...; ഒരു മനഃപ്രയാസവുമില്ലാതെ ക്ഷാമം തീർന്നു വലിക്കാം.

ഈ പരിപാടി അങ്ങിനെ മുന്നേറിക്കൊണ്ടിരുന്നു. തോമസ്സിന്റെ ശുദ്ധത, ഇതെല്ലാം ആദ്യം കണ്ടില്ലെന്നു നടിച്ചു.

പക്ഷെ ഒരുദിവസം ഞങ്ങൾ ലോഡ്ജിൽ വന്നപ്പോൾ കണ്ട കാഴ്ച ചങ്കു തകർത്തുകളഞ്ഞു. പൂമുഖത്തുള്ളസാധനങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നു. കസേരയുടെ ഒരു കാൽ ഇളകിപ്പോയിരിക്കുന്നു. സുകുമാരന്നു വളരെ പ്രിയപ്പെട്ട യേശുവിന്റെ പടം തറയിൽ വീണു നൂറു കഷണങ്ങളായിരിക്കുന്നു. ചുരുക്കത്തിൽ ഒരടി കലശൽ നടന്ന മട്ടുണ്ട്.

ഇതെല്ലാം കണ്ടപ്പോൾ സുകുമാരനും എനിയ്ക്കും വല്ലാതെ ശുണ്ഠിവന്നു.

സുകുമാരൻ തോമസ്സിനോട് ഒരു പാടു പറഞ്ഞു ഞാൻ അയാളെ ന്യായീകരിച്ചു.

ഇനി ആ ഷൈലോക്കു ഇവിടെ കയറിയാൽ ഞാനവരെ തല്ലും എന്നായി സുകുമാരൻ.

"ഇതൊക്കെ അയാൾ ചെയ്തു എന്നാണാ താൻ പറേണതു?" തോമസ്സന്നപ്പോഴും സംശയമാണ്.

"അയാളെല്ലാതെ മറ്റൊരു. ചീട്ടുകളീയെത്തുടർന്നുള്ള വാക്കേറ്റത്തിന്റെ അവശിഷ്ഠമാണതു"

ഞാൻ അപ്പുക്കുട്ടൻനായരോട് അന്വേഷിക്കാം" തോമസ്സ് ഇതുപാഞ്ഞുനിർത്തുമ്പോഴേക്കും അപ്പുട്ടൻനായർ കയറിവന്നു. അയാൾ ഗമയിൽ തോമസ്സിന്റെ മുറിയിൽ കടന്നു. ഒരു സിഗരെറ്റെടുത്തു കൊളുത്തി പുറത്തുവന്നു.



"ഈ പടം എങ്ങിനെ കേടുവന്നു." തോമസ്സ് അയാളോട് ചോദിക്കുന്നതുകേട്ടു.

"ഓ.. അതോ.. നേരത്തെ ഒരു കാറ്റടിച്ചു. ഭയങ്കരമായിരുന്നു ഞാൻ ഓടിച്ചെല്ലുമ്പോഴേയ്ക്കും ആ പടം വീണു കഴിഞ്ഞു. എന്തു ചെയ്യും?..."

അതുകേട്ടപ്പോൾ സുകുമാരന്റെ മുഖം തുടുത്തു.

"കസേരയുടെ കാലും കാറ്റടിച്ചു ഒടിഞ്ഞുപോയതാവും..." അവൻ ചോദിച്ചു.

അപ്പുക്കുട്ടൻനായർ പരുങ്ങി.

സുകുമാരന് അപ്പോൾ ആവേശം കയറി. "ആരാന്റെ സ്ഥലത്തു നാണമില്ലാതെ കയറി മേനി നടിക്കുന്നവന് ഞങ്ങടെ നാട്ടിൽ ഒരു പേരുണ്ട്. പറയട്ടെ.."

"എടോ സുകുമാരാ.." തോമസ്സ് ശാസനാസ്വരത്തിൽ വിളിച്ചു അപ്പുക്കുട്ടൻ നായർക്കും ദ്വേഷ്യം വന്നിരുന്നു. പക്ഷെ അയാളൊന്നും മിണ്ടാതെ ഇറങ്ങിപ്പോയി.

പിന്നീട് തോമസ്സിനോടുമാത്രം അത്യാവശ്യം സംസാരിക്കും. ഞങ്ങളെക്കണ്ടാൽ തുറിച്ചൊരു നോട്ടം മാത്രം ലോഡ്ജിൽ ഞങ്ങളാരും ഇല്ലാത്ത സന്ദർഭങ്ങളിൽ മാത്രമേ വരാറുള്ളൂ.

അതില്പിന്നെ ഒരു ദിവസം രാത്രി അയാളുടെ വീട്ടിൽ നിന്നു ഒരു നിലവിളിയും മറ്റും കേട്ടു. അതു സ്ത്രീസ്വരമായിരുന്നു. അയാൾ ഭാര്യയുമായി വഴക്കിടുന്നതാവുമെന്ന് കരുതി ഞങ്ങൾ മൗനം വീക്ഷിച്ചു. പക്ഷെ അതു ഇടക്കിടയ്ക്ക് ഒരു പതിവായി.

നാലഞ്ചു ദിവസത്തേക്കു പിന്നെ അപ്പുക്കുട്ടൻനായരെ കണ്ടതേ ഇല്ല. തോമസ്സാണ് പറഞ്ഞത് കക്ഷി നാട്ടിൽ പോയിരിക്കയാണെന്നു.

പക്ഷെ ദിവസം കുറേ കഴിഞ്ഞപ്പോൾ കള്ളി കുറെശ്ശെ വെളിച്ചത്തായി. അപ്പുക്കുട്ടൻനായർ ഭാര്യയെ ഡൈവോഴ്സ് ചെയ്തുവത്രെ! ആ വാർത്ത ഞങ്ങളെ ഞെട്ടിച്ചുകളഞ്ഞു. സ്വന്തം ഭാര്യയെപ്പറ്റി അയാൾ പറഞ്ഞുതന്ന അറിവേ ഞങ്ങൾക്കുള്ളൂ.

ഒരു സാധുകുടുംബത്തിലെ പെണ്ണാണ്. അയാളെ ഭയങ്കര പേടിയാണ്. അയാൾ പറയുന്നതെന്തും അവർക്കു വേദമാണ്.. എന്നും മറ്റും.

ഒരൊറ്റ പ്രാവശ്യമേ ഞാൻ അയാളുടെ ഭാര്യയെ കണ്ടിട്ടുള്ളൂ. രണ്ടുവർഷത്തെ താമസത്തിനിടയിൽ ഒരൊറ്റ പ്രാവശ്യം. അത്രയ്ക്കു അടങ്ങിയൊതുങ്ങി പുറത്തെങ്ങുമിറങ്ങാതെ കഴിഞ്ഞുകൂടിയ സ്ത്രീയായിരുന്നു അവർ. വളരെ സാധുപ്രകൃതമാണെന്നാണ് ആ ഒരു നോട്ടം കൊണ്ട് എനിയ്ക്കും തോന്നിയിട്ടുള്ളതു. ഇയാൾ എന്തുകാരണം പറഞ്ഞാണ് ഉപേക്ഷിച്ചതെന്നു ഞങ്ങൾക്കാർക്കും പിടികിട്ടിയില്ല.

അപ്പുക്കുട്ടൻനായർ ഇടയ്ക്കിടയ്ക്കു ബസ്സുകയറുന്നതു കാണാം. തിരികെ വരുന്നതും കാണാം. ഭാര്യയെയും കുട്ടികളെയും നാട്ടിൽ കൊണ്ടുപോയിവിട്ടതിൽപിന്നെ വളരെ ബന്ധപ്പെട്ടമട്ടാണ് മൂപ്പിലാന്റെ നടപ്പ്.

ലോഡ്ജിൽ തീരേ വരാതായി എന്നു പറയാം. ആരോടും അധികം സംസാരമില്ല ചീട്ടുകളിയില്ല. രണ്ടേ രണ്ടു ആഴ്ചകൊണ്ട് ആ മാന്യൻ അങ്ങേയറ്റം പരവശനായി. നേരാംവണ്ണം ഭക്ഷണമില്ല കുളിയില്ല ഷേവില്ല. ആകപ്പാടെ വരണ്ടുണങ്ങിയ മട്ടായി. മുമ്പു കണ്ടവർക്കു പെട്ടെന്ന് തിരിച്ചറിയാൻ ആവാത്തവിധം അത്രക്കങ്ങു മാറിപ്പോയി.

അതിന്നിടയിൽ അയാൾ സ്ഥലം മാറുകയാണെന്നു കേട്ടു. കെട്ടും പെട്ടിയുമെല്ലാമായി അടുത്തൊരു സ്ഥലത്തേക്കുപോയി. ഞങ്ങൾക്കു തല്ക്കാലം സമാധാനം തോന്നി. അയൽപക്കത്തെ ദുരിതം നീങ്ങിയല്ലോ എന്ന്. പക്ഷെ അതാ, അഞ്ചാറുനാൾ കഴിഞ്ഞപ്പോൾ വീണ്ടും തിരിച്ചു വരുന്നു. പഴയ സ്ഥലവും തേടി.

ആയിടയ്ക്കു ഒരു ദിവസം അർദ്ധരാത്രിയിലാണ് പ്രസ്തുത സംഭവം. ഞങ്ങളെല്ലാവരും നല്ല ഉറക്കമായിരുന്നു. ഒരു ഭയങ്കര ശബ്ദം കേട്ടു ഞെട്ടിയുണർന്നു. ഓടിച്ചെന്നു നോക്കുമ്പോൾ അപ്പുക്കുട്ടൻ നായർ കട്ടിലിൽ നിന്നു താഴെ വീണു പിടയുന്നു.

" ഞാനിപ്പോ ചാവും..." എന്നു പറഞ്ഞുകൊണ്ടാണ് കരച്ചിൽ. തോമസ്സ് പലതും പറഞ്ഞു ആശ്വസിപ്പിക്കാൻ നോക്കി. ഞാൻ ഓടിപ്പോയി ഡോക്ടരെ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം ഇഞ്ചക്ഷൻ നൽകി എപ്പോഴും അടുത്തു ആളുണ്ടാവണം. ഇതൊരുതരം ഹിസ്റ്റീരിയ ആണ്. എന്നു മറ്റും ഡോക്ടർ ഉപദേശിച്ചു.

പിന്നീട് മുറയ്ക്കു ശുശ്രൂഷ തന്നെയായിരുന്നു. സുകുമാരനെയും സ്കൂളിലെ ഒരു ലേഡീ ടീച്ചറേയും ചേർത്തു അപവാദം പറഞ്ഞുണ്ടാക്കിയ അപ്പുക്കുട്ടൻനായരെ ശുശ്രൂഷിക്കുന്നതിൽ അവൻ മുൻപന്തിയിൽതന്നെയായിരുന്നു.

അപ്പുക്കുട്ടൻനായർക്കു എല്ലാവരെയും സംശയമായി. തന്റെ ചില സാധനങ്ങൾ ആരോ കട്ടെടുത്തു. അതു ഇവിടെ പെരുമാറുന്ന വല്ലവരുമായിരിക്കും. എന്നിങ്ങിനെ ഇടയ്ക്കിടക്കു അയാൾ പിറുപിറുക്കും. മറ്റു ചിലപ്പോൾ ആത്മഹത്യയെ പറ്റി സംസാരിക്കും. അതു ഞങ്ങളെ പരിഭ്രാന്തരാക്കിയിരുന്നു.

"അവൻ ഇതും ഇതിലപ്പുറവും അനുഭവിക്കുമടാ. ആ സാധു പെണ്ണിനേയും രണ്ടുപിള്ളാരേയും അവൻ വഴിയാധാരമാക്കിയതല്ലേ..."

സുകുമാരൻ ഇടയ്ക്കിടക്കു എന്നോട് പറയാറുണ്ടായിരുന്നു.

അസന്മാർഗ്ഗിക നടപടിയുണ്ടെന്ന് ആരോപിച്ചുകൊണ്ടാണത്രെ ആ സ്ത്രീയെ കോടതി മുഖേന ഡിവോഴ്സ് ചെയ്തത്.

അപ്പുക്കുട്ടൻനായർക്കു പല ചികിത്സയും ചെയ്തു നോക്കി. ഒരു ഫലവും കണ്ടില്ല. അയാൾ വേറെ വല്ല അപകടവും പ്രവർത്തച്ചെങ്കിലോ എന്ന ഭയം ഞങ്ങളെ അലട്ടാൻ തുടങ്ങി. കാരണം ആ മനുഷ്യൻ ഒരു മുഴുത്ത മനോരോഗിയായിക്കഴിഞ്ഞിരുന്നു.

ഒടുവിലാണ് ആ ഒരു തീരുമാനത്തിൽ ഞങ്ങളെത്തിയത്.

അപ്പുക്കുട്ടൻനായരെ നാട്ടിൽക്കൊണ്ടുപോയി വിടണമെന്ന്. അവിടെ കിടന്നു ജിവിക്കുകയോ ജീവിക്കാതിരിക്കുകയോ ചെയ്യട്ടെ. ഇന്നിന്നവരാണ് തന്നെ വധിച്ചതെന്നു എഴുതിവച്ചു ആത്മഹത്യചെയ്യാൻ മടിക്കാത്ത ഒരാളാണ് അയാൾ. അത്തരമൊരു മനോരോഗിയെ ശുശ്രൂഷിച്ചതുകൊണ്ടു ഒരു കാര്യവുമില്ല. സ്വന്തം നില അപകടത്തിലാവുകയായരിക്കും ഫലം.

അവർക്കൊക്കെ പറ്റിയ സ്ഥലം ഒന്നുകിൽ ആശുപത്രി. അല്ലെങ്കിൽ സ്വന്തം വീട്.

സ്വന്തം ആത്മാവിൽത്തന്നെയാണ് അയാൾക്കിന്നു ശത്രുവുള്ളത്. അപ്പുക്കുട്ടൻ നായർക്കു അയാളോടു തന്നെയുള്ള വിശ്വാസം നശിച്ചിരിക്കുന്നു. അധികം ആലോചിക്കാതെ ചെയ്ത തെറ്റിന്ന് സ്വന്തം മനസ്സാക്ഷിയുടെ പ്രതിക്കൂട്ടിലകപ്പെട്ടിരിക്കയാണിപ്പോൾ.

തോമസ്സും സുകുമാരനും ചേർന്നു ഇന്നലെ അയാളെ നാട്ടിൽകൊണ്ടപോയിവിട്ടു. അവർ ഇന്നു തിരിച്ചെത്തി. അല്ലാതെ ഞങ്ങൾക്കെന്തു ചെയ്യാൻ കഴിയും. ദുഷ്ടനാണെങ്കിലും അയാളോട് ഞങ്ങൾക്ക് സഹതാപമുണ്ട്. അതു സത്യമാണ്. ■

ലേഖനം



വിനോദ്കുമാർ ദാമോദർ

# സൊമാലിയ കടൽ കൊള്ളക്കാർ ഭീഷണി അവസാനിച്ചുവോ?



ഒരു കാലത്ത് വളരെ കുപ്രസിദ്ധമായിരുന്നു സൊമാലിയ കടൽ കൊള്ളക്കാർ. ഗൾഫ് ഓഫ് ഈഡൻ, ഗാർഡഫ്യൂൾ ചാനൽ, സൊമാലിയ കടൽ തുടങ്ങിയ മേഖലകളിൽ സൊമാലിയ കടൽ കൊള്ളക്കാർ ഒരു ഭീഷണിയായിരുന്നു. വിലകൂടിയ ചരക്കുമായി പോയിരുന്ന കപ്പലുകളെ തടഞ്ഞുവെച്ച് അതിന്റെ ഉടമസ്ഥരോട് വൻ തുക ആവശ്യപ്പെടുകയായിരുന്നു ഇവരുടെ പ്രധാന ഭീഷണിപ്പെടുത്തൽ സമ്പ്രദായം. ഇവർ കൊള്ളകളിൽ പലപ്പോഴും കപ്പൽ തൊഴിലാളികളെ അക്രമിക്കുന്ന പതിവില്ലായിരുന്നു. ചില കപ്പൽ കമ്പനി ഉദ്യോഗസ്ഥർ ഇവരുടെ ഗൂഢ സങ്കേതങ്ങളിൽ വർഷങ്ങളോളം ബന്ധിയായി കഴിയേണ്ടി വന്നിട്ടുണ്ട്. ചില കമ്പനികൾക്ക് ആവശ്യപ്പെട്ട തുക നൽകാൻ പറ്റാത്ത സാഹചര്യവും, മോചനദ്രവ്യം പരമാവധി കുറയുവാൻ കൊള്ളക്കാരുമായുള്ള വിലപേശലുമാണ് അതിന് കാരണം.

2010 വരെ ഈ തരത്തിൽ കടൽകൊള്ള തുടർന്നു വന്നു. അതിന് ശേഷം കടൽകൊള്ള തടയാൻ ഉണ്ടാക്കിയ ശക്തമായ പട്ടാളം കണക്കെയുള്ള സേന വളരെ ഫലപ്രദമായെന്നും പിന്നീട് ഈ കടൽക്കൊള്ള വിരലിലെണ്ണാവുന്ന തരത്തിൽ ഒതുങ്ങിയെന്നതാണ് ഗുണമായത്. ഇവർ ജന്മനാ കടൽകൊള്ളക്കാരായിരുന്നില്ല. 2008 ൽ മാത്രം 111 കടൽകൊള്ളശ്രമം നടന്നുവെന്ന് കേൾക്കുമ്പോൾ ഇവർ സ്ഥിരമായി പാരമ്പര്യമായി കടൽകൊള്ള നടത്തുന്നവരായി നാം തെറ്റിധരിയ്ക്കപ്പെടാറുണ്ട്.

സൊമാലി സർക്കാർ നിലംപതിച്ചപ്പോൾ അവിടെ യാതൊരു നിയന്ത്രണമില്ല. അന്താരാഷ്ട്ര മത്സ്യബോട്ടുകൾ കടന്നുവരികയും അവിടെ സ്ഥിരമായി മത്സ്യം പിടിച്ചിരുന്ന സാധാരണബോട്ടുകൾക്ക് മറ്റുവഴികളില്ലാതെ അവർ കൊള്ളക്കാരായി എന്നുള്ളതാണ് യാഥാർത്ഥ്യം. സൊമാലി നേവിയും ഇല്ലാതായപ്പോൾ ഇവർക്ക് രക്ഷയ്ക്കു ആരുമില്ലാതായത് മത്സ്യബന്ധനം പൂർണ്ണമായും നിലച്ചുവെന്നുള്ളതായ സത്യവും ഉണ്ട്.

സൊമാലിയയിലെ ജീവിതപ്രസ്നങ്ങൾ വർദ്ധിച്ചപ്പോൾ ചെറുപ്പക്കാർ ജീവിതമായി സ്വീകരിച്ച വഴി കടൽക്കൊള്ളയായിരുന്നു. ഇവരിൽ എല്ലാവരുടെ കടൽക്കൊള്ള ശ്രമം ചില



പ്പോൾ വിജയിക്കാറില്ല. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ബന്ധികളാക്കിയ ജീവനക്കാരെ കരയിലേയ്ക്ക് കൊണ്ടുപോകും. മാസങ്ങളും വർഷങ്ങളും ഇവരെ കരയിൽ താമസിപ്പിച്ചു അവരെ ഉപയോഗിച്ചു വിലപേശുമ്പോൾ അവരും മടുക്കും. പലപ്പോഴും കിട്ടിയ തുക കൊണ്ടു തൃപ്തിപ്പെടും.




പലരാജ്യങ്ങളും തമ്മിലുള്ള യാത്രാമാർഗ്ഗം ഈ മേഖലയായതു കാരണം ഒരുകാലത്ത് പേടീ സ്വപ്നമായിരുന്നെങ്കിലും ഇന്ന് ഭയപ്പെടേണ്ട സാഹചര്യം നിലവിലില്ലയെന്ന് വിശ്വസിക്കപ്പെടുന്നു. രാജ്യത്ത് പലയിടങ്ങളിലും കടൽക്കൊള്ളയുണ്ടെങ്കിലും സൊമാലിയ കടലുകളായിരുന്നു കുപ്രസിദ്ധമായ കടൽക്കൊള്ള മേഖല. ■

കവിത

# കവിത



രജികുമാർ പുലാക്കാട്




**കവിതയൊന്നും കാണാറില്ലല്ലോ?**
**കവിത വരാറില്ല**
**എന്തുപറ്റി?**
**കൊറോണയല്ലേ,**
**ഇതൊക്കെയൊന്നു കഴിയട്ടെ,**
**കവിത വരുമായിരിക്കും.**

**മുടി പാറിപ്പറിഞ്ഞ്**
**വസ്ത്രങ്ങൾ കീറിപ്പറിഞ്ഞ്**
**ചോരപ്പാടുകൾ വാരിയണിഞ്ഞ്**
**വൃത്തവും അലങ്കാരവും**
**പ്രാസഭംഗികളൊന്നമില്ലാതെ**

**ഏതോ മഹാകാല സാന്ധ്യവേദങ്ങളിൽ**
**ആരുമിന്നേവരെ മൂളാത്ത രാഗത്തിൽ**
**ശാർദ്ദൂല വിക്രീഡിതത്തിൽ**
**ചോര നനഞ്ഞൊരു നിലവിളി**
**വാതിൽപ്പടിയിൽ**
**എന്നെ എഴുതൂ എന്ന്**
**വരുമായിരിക്കും.**

ഓർമ്മ





പുരുഷൻ കടലുണ്ടി

# ശാന്തൻ ജനപ്രിയൻ

**നാ**ടക തീവ്രവാദികളാൽ വളയപ്പെട്ട ഒരു ഗ്രാമത്തിൽ ജനിച്ച ഞനെങ്ങിനെ ഒരു നാടകക്കാരനല്ലാതായിത്തീരും? ഇത് ശാന്തന്റെ ചോദ്യമാണ്. നാടകത്തിൽ തന്റേതായ വഴിയിലൂടെ സമൂഹത്തിന്റെ തീക്ഷ്ണമായ ദൃശ്യമുഹൂർത്തങ്ങൾ സമ്മാനിച്ച് അരങ്ങ് ജ്വലിപ്പിച്ച ശാന്തന്റെ ചോദ്യം?




ശാന്താ സാക്ഷര കേരളത്തിന്റെ സാസ്കാരിക മഹത്വത്തിലേക്ക് ചെളി വാരി എറിഞ്ഞ് രസിക്കുകയാണ് മത തീവ്രവാദികൾ! നമ്മൾ കുഴിച്ച് മൂടിയ ഹീന സംസ്കാരത്തിന്റെ അടയാളങ്ങൾ വീണ്ടും പ്രത്യക്ഷപ്പെടുന്നു. നമ്മുടെ സംസ്കൃതിയുടെയും സംസ്കാരത്തിന്റെയും സമ്പന്നമായ മുഖം വികൃതമാക്കുന്ന അവസ്ഥ! തിരിച്ച് വരാൻ അണിയറയിൽ ഒരുക്കം കൂട്ടുന്നു. സാമൂഹ്യവിരുദ്ധവും, ക്രൂരവുമായി അനുനിമിഷം വഷളായി കൊണ്ടിരിക്കുന്ന, നിറം കെട്ട ജീവിത പരിസരം നാൾക്ക് നാൾ വളർന്നു വരുന്നു, നമുക്ക് പ്രതികരിക്കണ്ടെ.

നാടകം കളിക്കണം...

“മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന പെൺകുട്ടിയെ നീ ഒന്നും ചെയ്യാതെ ആശുപത്രിയിൽ കൊണ്ടോവൂലാ... എന്ന് പറഞ്ഞ നിന്റെ “ഇത്താരചരിതം” ഞാനോർക്കുന്നു...”

ശക്തമായ മത്സര നാടകങ്ങൾ... നമ്മൾ തമ്മിൽ മത്സരിച്ചിട്ടുണ്ട്.

വർഗ്ഗീയത ഒരു രാഷ്ട്രീയ തത്വശാസ്ത്രമായി മാറിക്കൊണ്ടിരിക്കുന്ന, വർത്തമാനകാലത്തെ സാമാന്യ ജനങ്ങളെ രക്ഷിച്ചെടുക്കണം.

രാജാവിന് വിളമ്പിയ പായസം “കൈപ്പാണ്” എന്ന് രാജാവ് പറഞ്ഞ് പായസം കഴിച്ചില്ല.

“എന്തൊരു കൈപ്പ്” എന്ന് പറഞ്ഞ് മറ്റുള്ളവരും പായസം കഴിക്കാതെ മാറ്റി വെച്ചു. എന്നാൽ കുഞ്ചൻ നമ്പ്യാർ പായസം കഴിച്ചു. സന്തോഷത്തോടെ രാജാവ് “എന്താ നമ്പ്യാരെ പായസം കയ്ക്കുന്നില്ലേ?”

നമ്പ്യാർ: “കയ്പ് അടിയനിഷ്ടമാണ്” എന്ന് ഉത്തരം പറഞ്ഞു.

മധുരമുണ്ടെന്ന സത്യം പറഞ്ഞാൽ കഴുത്തറുക്കും എന്ന തിരിച്ചറിവാണ് നമ്പ്യാരെക്കൊണ്ട് അങ്ങിനെ ചെയ്യിപ്പിച്ചത്.

ഈ തിരിച്ചറിവ് കലാകരാനും, എഴുത്തുകാരനും ഉണ്ടാവണം എന്ന പാഠം തിരിച്ചറിയണം!

അക്കാലത്ത് സാംസ്കാരിക ജന്മിത്തം അവസാനിപ്പിക്കുവാൻ നമ്പ്യാർ എടുത്ത ധൈര്യം വർത്തമാനകാലത്ത് എഴുത്തുകാരനും

കലാകാരനും ഉണ്ടാവണം.

ഈ തിരിച്ചറിവുണ്ടായിരുന്ന നാടകകൃത്തായിരുന്നു ശാന്തകുമാർ. സ്വയം കത്തിത്തീരാൻ മടിയില്ലാത്തവർക്കേ സമൂഹത്തിന്റെ "ചിന്തയ്ക്ക് തിരികൊളുത്താനാവൂ."

വളരെ ഉയരത്തിൽ നിന്ന് പ്രകാശം തരുന്ന ചന്ദ്രനെ ദൈവമായി കരുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് ചന്ദൻ ഒരു ഗോളമാണ് എന്ന തിരിച്ചറിവുണ്ടായി.


ഇത് ശാസ്ത്ര ബോധമാണ്. ശാസ്ത്ര വിചാരത്തിന്റെ ഭാഗമായാണ് ശാസ്ത്ര ബോധമുണ്ടായത്. ഗ്രാമീണ ജീവിതത്തിന്റെ എളിമയും ലാളിത്യവും നാട്ടിൻ പുറത്തിന്റെ നിഷ്കളങ്കതയും നിറഞ്ഞ് നിന്ന നാടക സൃഷ്ടികളായിരുന്നു ശാന്തന്റേത്. ആ ജീവിത പരിസരം ശാന്തന്റെ സ്വന്തം പരിസരമാണ്. ഭീരുക്കൾക്ക് ധൈര്യവും, വിവരമുള്ളവർക്ക് ജ്ഞാനവും നൽകുന്ന സൃഷടികൾ ഉണ്ടായി.

ലളിതമായ നാടകങ്ങൾ:

സമൂഹത്തെ ഇക്കിളിപ്പെടുത്തുന്നതിന് പകരം തിന്മകൾക്കെതിരെ പ്രതികരിക്കാനും ദുഷിച്ച സാമൂഹ്യ അവസ്ഥയെ തുറന്നു കാട്ടാനും, ശാന്തന്റെ കഥാപാത്രങ്ങൾ ജനങ്ങളുടെ മനസ്സിൽ കുടിയിരുന്നു;

എനിക്ക് അത്ഭുതം തോന്നിയ ഒരു ഇടപെടൽ ഇങ്ങിനെ.

ഒരു സ്ക്കൂൾ ഹാൾ... കുട്ടികളെക്കൊണ്ട് നാടകം അഭ്യസിപ്പിക്കുകയാണ് ശാന്തൻ. ഞാനും സുഹൃത്തായ അധ്യാപകനും കടന്ന് ചെല്ലുന്നു. ഞങ്ങളെ ശാന്തൻ ഇരിക്കാൻ ആഗ്യം കാണിക്കുന്നു. ഞങ്ങൾ ഇരിക്കുന്നു... നാടകം തുടരുകയാണ്. പാശ്ചാത്തല മ്യൂസിക്. പകൽ വെളിച്ചത്തിൽ വിവിധ വെളിച്ചം വിന്യസിക്കുന്നു. കുട്ടികൾ നാടകം നന്നായി മുന്നോട്ട് കൊണ്ട് പോകുന്നു. കൊച്ചു നാടകത്തിന്റെ ഫൈനൽ റിഹേഴ്സൽ മനോഹരമായി അവസാനിക്കുന്നു. ടീച്ചർ കൈ അടിക്കുന്നു. മറ്റ് വ്യക്തികൾ കുട്ടികളുടെ അടുത്ത് ചെല്ലുന്നു.



അഭിനന്ദിക്കുന്നു. അംഗവൈകല്യമുള്ള കുട്ടികളെക്കൊണ്ട് മനോഹരമായി നാടകം കളിപ്പിക്കുകയായിരുന്നു ശാന്തൻ. കണ്ണ് കാണാത്തവന് ശബ്ദവും, കേൾവിയില്ലാത്തവർക്ക് വെളിച്ചവും നൽകി നാടകത്തിന്റെ ഭാഗമാക്കി.

നാടകം കളിക്കുകഎന്നാണല്ലോ പറയാറ്. നാടകം കളിയല്ല കാര്യമാണ്. "നാടകംകളി കാര്യമാക്കേണ്ടതുണ്ട്"എന്ന് പോൾ കല്ലാനോട് പറഞ്ഞത് ഞാനോർക്കുന്നു.

ഒരു നാടകത്തിന് പറ്റിയവരെ കണ്ടെത്തുക ഈ ദൗത്യം തന്നെയാണ് ശാന്തന്റെ നാടകത്തിന്റെ വിജയവും.

പ്രതിബദ്ധത...ഇത്താരചരിതം നോക്കൂ:

ഭർത്താക്കന്മാരുടെ ആട്ടും തുപ്പും കേട്ട് ജീവിച്ചിരുന്ന രണ്ട് ദളിത് സ്ത്രീകൾ ഭർത്താക്കന്മാരുമൊത്തുള്ള ജീവിതം ഉപേക്ഷിക്കുന്നു. അധ്വാനിച്ച് കുടംബം പോറ്റിയിട്ടും പുരുഷൻന്റെ കാൽക്കീഴിൽ ഒതുങ്ങി കഴിയേണ്ടി വന്നിരുന്ന ഇരുവരും ഭർതൃപീഢനങ്ങളിൽ നിന്നും മോചിതരായി പുതിയ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഇത്താരയും താരയും തുല്യ ദുഃഖിതരായ രണ്ട് അയൽക്കാർ. പരസ്ത്രീകളെ തേടി പോവുകയും പീഢിപ്പിക്കുകയും ചെയ്തിരുന്ന ഭർത്താക്കന്മാരിൽ നിന്ന് മോചനം കിട്ടിയ ഇവർ ജീവിതം ആഘോഷിക്കാൻ തുടങ്ങുന്നു. ഈ ഘട്ടത്തിലാണ് ഇവരെ മോഹിച്ച് നടന്നിരുന്ന രാരന്റെ രംഗപ്രവേശം...

ഇബ്സൻ പറഞ്ഞപോലെ... വ്യത്യസ്ഥ സ്വഭാവക്കാരായ മൂന്ന് കഥാപാത്രങ്ങളെ അവതരിപ്പിച്ചുള്ള മിടുക്ക് നാടകവേദിയിൽ ദുഗ്രാഹ്യതയില്ലാത്ത ശക്തമായ നാടക മുഹൂർത്തങ്ങൾ സമ്മാനിച്ചു.

പാഴായി പേകുന്നേ...

ചോരേം നീരും പാഴായി പോകുന്നേ... എന്ന് പാടി നടക്കുന്ന രാരൻ നമുക്ക് പരിചിതമായ കഥാപാത്രം തന്നെ.

തീവ്രമായ ജീവിതാനുഭവം തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ ശക്തമായ നാടക ഭാഷ്യം നൽകികൊണ്ട് നാടകം തനിക്ക് അനായാസമായി വഴങ്ങുന്നതാണെന്ന് തെളിയിക്കയായിരുന്നു ശാന്തൻ. സംഗീത നാടക അക്കാദമിയുടെയും, സാഹിത്യ അക്കാദമിയുടെയും മറ്റനേകം അവാർഡുകൾ നേടി, ശാന്തൻ ജനങ്ങളുടെ പ്രിയങ്കരനായി.

"ഇയ്യ്ന്റെ ആരാ? അച്ഛനാ, ഏട്ടനാ, അനുജനാ ആരാ ഇയ്യ്?" എന്ന് താര ചോദിക്കുമ്പോൾ "ഞാനിതെല്ലാംകൂടിയാണെന്ന് കൂട്ടിയ്ക്കോ" എന്ന് ഇത്താരയുടെ മറുപടി.

അവർ ഒന്നിച്ച് സിഗററ്റ് വലിക്കു



ന്നതും പരസ്പരം മുത്തം വെക്കുന്നതും ഒരു ഗ്രാമീണ നിഷ്കളങ്കതയുടെ ചിത്രങ്ങളായി അനുഭവപ്പെടുന്നു.

ഒരുഘട്ടത്തിൽ രാരന്റെ അശ്ലീലം കലർത്തിയ ലൈംഗികതയുടെ ചില സൂചനകളും പ്രേമാഭ്യർത്ഥന നടത്തുന്നതും ഒഴിവാക്കാമായിരുന്നു എന്ന് തോന്നാം... പക്ഷേ, ശാന്തന്റെ രീതി അതാണ്. സമർത്ഥമായി രചനയിൽ ഒളിപ്പിച്ച് വെക്കാൻ കഴിയുന്ന കൗതുകം.

ഇന്ന് കാണുന്ന മുന്നേറ്റം ഇല്ലാതിരുന്ന കാലത്താണ് ഈ രചന എന്നോർക്കണം.

"സ്ത്രീ വിമോചനത്തെകുറിച്ച് കേട്ടറിവോ, ധാരണയോ ഇല്ലാത്ത 2 ദളിത് യുവതികൾ കാട്ടിയ ധൈര്യം." സ്ത്രീ സമൂഹത്തിന് ആവേശം പകരുന്നത് തന്നെയാണ്.

ശാന്താ നീ ഇവിടെതന്നെയുണ്ട്. "ചില കോടതി വിധികൾ" വന്ന സാഹചര്യംഎങ്ങിനെ അറിയിക്കും നിന്നെ. നാടകം കളിച്ച് കാണിക്ക തന്നെ... അല്ലേ...

പണ്ടേ ഇത്താരയേയും താരയേയും മോഹിച്ച് നടന്നിരുന്ന രാരൻഎത്തുന്നതോടെ സംഘർഷം പുതിയ തലത്തിലെത്തുന്നു.

നിങ്ങളേയും മോഹിച്ച് നടന്ന്, നടന്ന് ഞാനും നെരച്ച് നിങ്ങളും നെരച്ച്. ഇനി ഞാൻ സഹിക്കൂലാ

അയാളിലെ ക്രിമിനൽ സ്വഭാവം ശക്തമാവുന്നു. താരയെ തന്റെ ഇംഗിതത്തിനു വേണ്ടി വലിച്ചിഴക്കുന്നു. താര ചെറുത്ത് നില്ക്കുന്നു. എങ്കിലും അയാളുടെ കരങ്ങളിൽ കുടുങ്ങി മരിയ്ക്കുന്നു. എതിർക്കുന്ന ഇത്താരയേയും രാരൻ കൊല്ലുന്നു. കാമദാഹത്തോടെ ശവങ്ങളെ സമീപിക്കുന്ന രാരൻ...

പാഠം ഒന്ന് പെൺകുട്ടി.

അഞ്ചാം വയസ്സിൽ മുറ്റമടിക്കാനും പാത്രം കഴുകാനും പഠിക്കുന്നു. പത്താം വയ്സ്സിൽ ചോറും കറിയും വയ്ക്കാൻ പഠിക്കുകയും സ്വന്തം മുറിയിൽ നിന്ന് സ്ഥാനം നഷ്ടപ്പെടുകയും ചെയ്യുന്നു. പതിമൂന്നാം വയസ്സിൽ ആളുകളെ പേടിക്കാനും ഓടി രക്ഷപ്പെടാനും പഠിക്കുന്നു. പതിനെട്ടാം വയസ്സിൽ സ്വന്തം വീട്ടിൽനിന്ന് പുറത്താക്കപ്പെടുകയും ആരാന്റെ ആലയിൽ ചാണകം വാരാൻ പഠിക്കുകയും ചെയ്യുന്നു. ബാക്കിഭാഗം കഴുകാനിട്ട പായ പോലെയാണ്. ആർക്കും എപ്പോൾ വേണമെങ്കിലും... പൂരിപ്പിക്കുക.

കിടക്കാം, ഇരിക്കാം, നിരങ്ങാം..

കുട്ടി വിളിച്ച് ചോദിക്കുന്നു.

അമ്മേ ഇതിലേതാ ശരി?

ഇവിടെ "ഇത്താരചരിതം" അവസാനിക്കുന്നു.

ഇതു തന്നെയാണ് സമൂഹത്തിനോട് ചോദിക്കാനുള്ളതും... ഇതിലേതാ ശരി?

മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന നാടകം പെട്ടെന്ന് വേഷപകർച്ച നടത്തി അതി സൂക്ഷ്മതയോടെ വീണ്ടും ഇത്താരചരിതം കളിക്കാം നമുക്ക്. എന്താ...

മൗലിക പ്രതിഭ തന്നെയാണ് ശാന്തകുമാർ എന്ന നാടകക്കാരൻ.

ചുറ്റുപാടുകളോട് പൊരുത്തപ്പെട്ട് പോകാൻ കഴിഞ്ഞ, സാധാരണക്കാരന്റെ പ്രശ്നങ്ങളിൽ ഊന്നി, അവരുടെ ഭാഷയിൽ സംസാരിക്കുന്ന കഥാപാത്രങ്ങൾ. സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പ്രതിബന്ധതയുള്ള മനസ്സ്.




സാമൂഹ്യവിരുദ്ധവും, ക്രൂരവുമായി അനുനിമിഷം വഷളായിക്കൊണ്ടിരിക്കുന്ന നിറം കെട്ട ജീവിത പരിസരം തുറന്ന് കാട്ടുന്ന "ഇത്താരചരിതം" തന്നെ ഇതിന് വലിയ ഉദാഹരണം. "എന്റെ പുള്ളിപ്പയ്യ് കരയാണ്" തുടങ്ങീ... "പെരുങ്കൊല്ലൻ", "ഒറ്റരാത്രിയുടെ കാമുകിമാർ", അരയ്ക്കു താഴെ തളർന്നു പോയ സുഹൃത്തിന് പ്രതീക്ഷ നൽകി അരങ്ങിലെത്തിച്ച "മരം പെയ്യുന്നു" എന്ന നാടകവും നാടകകൃത്തിന്റെ വലിയ മനസ്സാണ് നിലപാടാണ് വെളിപ്പെടുത്തുന്നത്.


പൊതുപ്രവർത്തന രംഗത്തും അജയ്യൻ തന്നെ. വാർഡ് മെമ്പർ എന്ന നിലയിൽ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തിയത് ഈ ജനപ്രിയൻ. ■

സ്പോർട്സ്



ഭാസി മലാപ്പറമ്പ്

# ഫുട്ബോൾ ലോകകപ്പ് യാത്രയിലെ പോപ്പ് അനുഗ്രഹ പത്രിക




**പോപ്പ് അനുഗ്രഹ പത്രിക - 1990**

**എ**ട്ട് ഫുട്ബോൾ ലോകകപ്പ് ചാമ്പ്യൻഷിപ്പുകളും ഒരു യൂറോകപ്പ് ചാമ്പ്യൻ ഷിപ്പും കളിമൈതാനങ്ങളിലെ മീഡിയാവേദികളിൽ ആസനസ്ഥനായി വീക്ഷിക്കുവാനും ഇന്ത്യയിലെക്ക് റിപ്പോർട്ടുകൾ നൽകുവാനും സിദ്ധിച്ച "ഭാഗ്യജാതക"ത്തെപ്പറ്റി നക്ഷത്രരാജ്യം ത്രൈമാസികയുടെ 2021 നവംബർ, ഡിസംബർ, 2022 ജനവരി ലക്കത്തിൽ ഞാൻ എഴുതുകയുണ്ടായല്ലോ: "കളിയെഴുത്തിലെ കലാവീക്ഷണങ്ങൾ". വിവിധ രാഷ്ട്രങ്ങളിൽ ഞാൻ നേരിട്ട് വീക്ഷിച്ച കലാസൃഷ്ടികളെപ്പറ്റിയായിരുന്നു ആ ലേഖനം. 1990 ൽ ഇറ്റലി ആതിഥേയത്വം വഹിച്ച ഫുട്ബോൾ ലോകകപ്പിനെപ്പറ്റിയും അതിൽ പരാമർശിക്കുകയുണ്ടായി. അതിൽ പോപ്പ് പാലസിന്റെ കോമ്പൗണ്ട് കവാടത്തിന്ന് സമീപമുള്ള, ധാരാളം നിലകളുള്ള, കെട്ടിടത്തിന്റെ മൂന്നാംനിലയിൽ അഞ്ചാഴ്ചക്കാലം അതിഥിയായി താമസിക്കുവാനും അവിടെ നിന്ന് ലോകകപ്പ് മീഡിയാ വാഹനങ്ങളിൽ 1990 ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ അരങ്ങേറുന്ന സ്റ്റേഡിയങ്ങളിലേക്കും മത്സരാനന്തരം തിരിച്ചും യാത്ര ചെയ്തതും കുറിക്കുകയുണ്ടായി.

ആ പോപ്പ് മഹൽ കോമ്പൗണ്ട് ഗെയ്റ്റ് കെട്ടിടത്തിൽ താമസിക്കുമ്പോൾ ഒരു പ്രഭാതത്തിൽ പോപ്പ് എനിക്ക് കാണുവാൻ അവസരം നൽകിയത് ഇവിടെ കുറിയ്ക്കട്ടെ.

"ഇറ്റാലിയ 1990 ലോകകപ്പ്" റിപ്പോർട്ടിങ്ങിനായി കോഴിക്കോട് നിന്ന് യാത്ര ആരംഭിക്കുന്നതിന്ന് രണ്ട് ദിവസങ്ങൾക്കു മുമ്പ് ഞാൻ മലാപ്പറമ്പിലുള്ള ബിഷപ്പ് ഹൌസിൽ പോയി കോഴിക്കോട് ബിഷപ്പ് തിരുമേനിയെ കാണുകയും എന്റെ "ഇറ്റാലിയ 1990 ലോകകപ്പ്" കവറേജ് യാത്രയെപ്പറ്റി അറിയിക്കുകയും ചെയ്തിരുന്നു. മലാപ്പറമ്പ് ആസ്ഥാനമായിട്ടുള്ള ബിഷപ്പ് ഹൗസ് സന്ദർശിക്കുകയും ബിഷപ്പിനെ നേരിട്ടുകാണുകയും ചെയ്യുന്നത്, കൃസ്ത്യൻ മതക്കരനല്ലെങ്കിലും ഇന്ത്യയുടെ മതസൌഹാർദ്ദത്തെ മുഖമുദ്രയാക്കിക്കൊണ്ട് അക്കാലങ്ങളിൽ ഞാൻ കൈക്കൊണ്ടിരുന്ന ഒരു ചടങ്ങായിരുന്നു.

റോമിലെ പോപ്പ് മഹലിന്റെ





ഗെയ്റ്റ് മന്ദിരത്തിലെ ഒരു മുറിയിൽ ഒരു മാസക്കാലം താമസിക്കുന്നതിന്നിടയിൽ പോപ്പിനെ ദർശിക്കുവാനും അനുഗ്രഹം അഭ്യർത്ഥിക്കുവാനും ഞാൻ നടപടികൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. മതവ്യത്യാസമല്ല മനുഷ്യഹൃദയസൌഹാർദ്ദമാണ് സ്വർഗ്ഗലഭ്യതയുടെ അടിസ്ഥാനഘടകം എന്ന വിശ്വാസക്കാരനായിട്ടാണ് ഞാൻ കൊച്ചുനാളിൽത്തന്നെ ജീവിതപാതയിൽ എത്തിയത്. അതിന്റെ ഉദാഹരണമായിട്ടാണ് ഞാൻ റോമിൽവെച്ച് പോപ്പിനെ സന്ദർശിച്ചതും പോപ്പ് മഹലിന്റെ കവാടക്കെട്ടിടത്തിലെ താമസത്തിന്ന് വഴങ്ങിയതും എന്ന് ഇവിടെ പ്രസ്താവിക്കട്ടെ.

പോപ്പിനെ നേരിൽ കാണുവാനും അനുഗ്രഹം കൈവരിക്കുവാനും എനിയ്ക്ക് ഒന്നിലധികം തവണ ഭാഗ്യം സിദ്ധിക്കുകയുണ്ടായി. പോപ്പ് മുൻ ഭാഗത്തുള്ള കൊച്ചു പച്ചപ്പുൽ മൈതാനത്ത് എന്റെ തോളിൽ കൈത്തണ്ട അർപ്പിച്ചുകൊണ്ട് പോപ്പ് എന്നെ കൂടെ നടത്തിയതും ഇവിടെ ആരാധനാഹൃദയത്തോടുകൂടി അനുസ്മരിക്കുകയാണ്. എന്നെയും കുടുംബത്തെയും അനുഗ്രഹിച്ചുകൊണ്ട് പോപ്പ് തിരുമേനി നൽകിയ "അനുഗ്രഹപത്രിക" യെപ്പറ്റിയും ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു. ആ അനുഗ്രഹ പത്രികയുടെ ഫോട്ടോ കോപ്പി ഇതോടൊപ്പം സമർപ്പിക്കുകയും ചെയ്യുന്നു.

അതെ, പോപ്പിന്റെ അനുഗ്രഹം ഒരിക്കലും ഒരു മതാദ്ധ്യക്ഷാനുഗ്രഹം മാത്രമല്ല; മനുഷ്യത്വ ദാനത്തിന്നുള്ള ഉദാഹരണവും ആഹ്വാനവും കൂടിയാകുന്നു എന്ന് ഇവിടെ രേഖപ്പെടുത്തുകയും ചെയ്യുന്നു. ■

ചെറുകഥ



വിനീത പാലക്കോട്ട്

# സ്നേഹം



**രാ**വിലെ നല്ല മഞ്ഞ്, ഉച്ചക്ക് ഭയങ്കരമായ വെയിൽ ഈ കാലാവസ്ഥാ മാറ്റം കൊണ്ട് പനി, ജലദോഷം, ചുമ എന്നിവ അനുഭവപ്പെടുന്നു. ഒമിക്രോൺ, കൊറോണ ഇത് വല്ലതുമാണോ എന്ന് സംശയിക്കും. ഇപ്പോൾ കൊറോണക്കാലം ആണല്ലോ രാവിലെ നല്ല ഒരു ചൂടൻ കുരുമുളക് കാപ്പി ഉച്ചക്ക് കുറിയരി കഞ്ഞി, പപ്പടം, ചമ്മന്തി. രാത്രി വീണ്ടും ഒരു കുരുമുളക് കാപ്പി പനി എങ്ങോ പൊയ്മറഞ്ഞു. മുമ്പൊക്കെ പാരസെറ്റമോൾ ഗുളിക കഴിക്കുമായിരുന്നു. ഇപ്പോൾ അത് പതിവില്ല. ഗുളികകൾ അധികം കഴിച്ചാൽ അത് കിഡ്നി അടിച്ചുമാറ്റും എന്ന് ആരോ പറഞ്ഞത് ഓർമ്മയിലുണ്ട്. പനി ഏതായാലും കുറഞ്ഞ സ്ഥിതിക്ക് ഇന്ന് ഏതായാലും ജോലിക്ക് പോവാം. ഹാൻഡ് ബാഗും എടുത്ത് വീട്ടിൽ നിന്നിറങ്ങി അതിന് മുമ്പ് കോഴിക്കൂടിന് മുന്നിൽ ചെന്നു നിന്നു. അതിൽ ഒരു പൂവൻ കോഴിയുണ്ട്. അവന്റെ പേര് കറപ്പൻ. കറുപ്പു നിറമാണ് അതു കൊണ്ടാണ് കറപ്പൻ എന്ന് പേരിട്ടത്. അവനോട് ഒരു റ്റാറ്റാ പറഞ്ഞിട്ടാണ് ഇറങ്ങുന്നത്. അപ്പോൾ നമ്മുടെ കറപ്പൻ തൂവലുകളെല്ലാം ഉയർത്തി ഒരു പ്രത്യേക ഗു ഗു ഗോ ഗോ ശബ്ദമുണ്ടാക്കും. ഞാൻ വൈകുന്നേരം വീട്ടിൽ വന്നാൽ അവൻ എന്നെ കാണാൻ വരുന്നത് ചെരിഞ്ഞു നടന്നുകൊണ്ടാണ്. എന്തിനാണ് വരുന്നത് കണ്ണാടി നോക്കാൻ. കറപ്പനെ എടുത്തുയർത്തി അലമാരയിലുള്ള കണ്ണാടി കാണിക്കും. അവൻ ഷോക്കടിച്ചതുപോലെ അനങ്ങാതെ കണ്ണാടി നോക്കും. സ്നേഹിക്കാനറിയുന്ന കോഴി. Love and Love only. ഈശ്വരാ ഇതിനെയാണല്ലോ ചിക്കൻ ബിരിയാണിയും ചിക്കൻ ഫ്രൈം ആക്കുന്നത്.

അങ്ങിനെ എന്റെ ജോലി സ്ഥലത്ത് എത്തി കഴിഞ്ഞു. സുന്ദരമായ ചെറിയ തുണിക്കട. ഇതിന്റെ ഉടമസ്ഥനും സുന്ദരനായ സുഹൈബ് തന്നെ. മുതലാളിക്ക് ഒരു ഗുണമുണ്ട്. രാവിലെ കടതുറന്ന് അടിച്ചുവാരി വൃത്തിയാക്കി തുടച്ചു വെക്കും. ഡിസ്പ്ലേ തൂക്കിയിടും. നമുക്ക് ചെന്ന് കസേരയിൽ കയറി ഇരുന്നാൽ മതി. ഞാൻ ഈ മുതലാളിയെ കുറിച്ച് കുറച്ച് സുഹൃത്തുക്കളോട് പറഞ്ഞിരുന്നു. അവർ പറയുന്നത് ഏതാണാ മുതലാളി ഞങ്ങളും ആ കടയിലേക്ക് വരുന്നു എന്ന്. പറഞ്ഞിട്ടെന്തു കാര്യം അവർക്ക് ജോലി കൊടുക്കാനുള്ള കോപ്പ് ഈ കടക്കില്ല. അതിനു മാത്രം കച്ചവടം ഇല്ല.

ഇത് രാമനാട്ടുകര ബസ്സ്റ്റാൻഡ് ആണ്. നിറയെ ആളുകൾ, നിറയെ ബസ്സുകൾ വരുന്നു പോകുന്നു. ചെറിയ ചെറിയ തുണിക്കടകൾ. ഗ്യാരണ്ടി ആഭരണകടകൾ, കൂൾ ബാറുകൾ എന്നിവ. പാവങ്ങളാണ് കസ്റ്റമേഴ്സിൽ കൂടുതലും. ഏതെടുത്താലും കുറച്ചുകൊടുക്കാൻ പേശും. സാമ്പത്തിക പ്രശ്നം തന്നെ കാരണം. ഷമീലിന്റെ കടയിൽ കുറച്ച് വിലകൂടിയ വസ്ത്രങ്ങൾ ഉണ്ട്.

ബസ്സുകൾക്കെല്ലാം നീലനിറം. നീല പെയിന്റാണ് അടിച്ചിരിക്കുന്നത്. "കാശ്മീര സന്ധ്യകളെ കൊണ്ടുപോരൂ എന്റെ ഗ്രാമസുന്ദരിക്കൊരു നീലസാരി" എന്ന ഗാനം ഓർമ്മ വന്നു. പല തരത്തിലുള്ള ആളുകൾ പല വേഷങ്ങൾ എന്നും യാത്ര.

"വേഷങ്ങൾ ജന്മങ്ങൾ വേഷം മാറാൻ നിമിഷങ്ങൾ" ചിന്തകൾ കാടുകയറുകയാണ്. മിന്റ് സൂപ്പർമാർക്കറ്റിന്റെ മുകളിലുള്ള കോണിപ്പടിയിൽ ഒരു കൂട്ടം ചെറുപ്പക്കാരും ചെറുപ്പക്കാരികളും. Love and Love only. സെക്യൂരിറ്റി റോന്തുചുറ്റുന്നു. എല്ലാവരേയും ഇറക്കിവിടുന്നു. പെട്ടെന്നാണ് ഓർത്തത്. ഇന്ന് അനിയത്തിയുടെ പിറന്നാൾ ആണ്. കേക്ക് മുറിക്കണം. വൈകുന്നേരം പോവുമ്പോൾ കേക്കും മെഴുകുതിരിയും വാങ്ങണം. പണ്ടൊക്കെ പിറന്നാളിന് നിലവിളക്ക് കത്തിച്ച് പ്രാർത്ഥന ചൊല്ലുകയായിരുന്നു പതിവ്. അമ്പലത്തിൽ പോവും. ഉച്ചക്ക് പായസം കൂട്ടി ഒരു പിറന്നാൾ സദ്യ. ഇപ്പോൾ അതിന് പകരം കേക്കു മുറിച്ച് "happy birthday to youLove" എന്നു നാലു പ്രാവശ്യം പറയും. സമയം 6.30 ആയി. വീട്ടിലെത്താൻ സമയമായി. ബസ്സ്റ്റാന്റ് തൊട്ടടുത്ത് തന്നെ ആയതിനാൽ ബസ് കയറാൻ എളുപ്പമാണ്. ■

ചെറുകഥ



വിജയൻ ചെറുവറ്റ

# യാത്ര

ഇലഞ്ഞിപൂക്കൾ കൊഴിഞ്ഞു വീണ സ്ക്കൂൾ ഇടവഴി. ഇലഞ്ഞി പൂക്കൾ പെറുക്കി മാലകോർക്കും. ആരും കാണാതെ കിടക്കുന്ന തലയണക്കിടയിൽ വെക്കും. ഇലഞ്ഞിപൂമണം എനിക്കത്രയും ഇഷ്ടമായിരുന്നു.

ബാല്യം ഒറ്റപ്പെടലിന്റെതായിരുന്നു. ഒരു തിരി വെളിച്ചംപോലെ വഴികാട്ടിയായി അമ്മ മാത്രമെ ഉണ്ടായിരുന്നുള്ളു. അമ്മ എന്ന രണ്ടക്ഷരം ഒതുങ്ങാത്ത സങ്കടകടലിന്റേയും വേവലാതികളുടെയും നിറകുടമായിരുന്നു.

രാത്രി ഉറക്കം വരാതെ തിരിഞ്ഞും മറഞ്ഞും കിടക്കുമ്പോൾ അമ്മയുടെ കരലാളനസ്പർശം മാത്രം മതിയായിരുന്നു ഉറക്കം വരാൻ. അമ്മ എന്നും എനിക്ക് സ്നേഹനിധിതന്നെ. എന്നാൽ ഞാൻ ഇന്നു എത്രയോ അധഃപതിച്ചു പോയിരിക്കുന്നു.

"ഓളെങ്ങനാ ആ ചെക്കനെ വളർത്തിയതെന്നറിയോ, കണ്ട വീടുകളിലൊക്കെ അടുക്കള പണി ചെയ്തും, പാത്രം കഴുകി കൊടുത്തും വളർത്തിയതാ. പുതിയ ഭാര്യയെ കിട്ടിയപ്പോൾ അവനാരെയും വേണ്ട." അയൽ വാസി ആമിനതാത്ത പലപ്പോഴും പറയുന്നത് കേട്ടിട്ടുണ്ട്.

"പിഴച്ചുപെറ്റ സന്തതി, ഗുണം പിടിക്കില്ല"

കാരണവർ എന്നും ശപിച്ചിട്ടേയുള്ളു. ഒരു നല്ല വാക്കിനായ്, സ്നേഹലാളനക്കായ് തന്റെ ബാല്യം എത്ര കൊതിച്ചിട്ടുണ്ടെന്നോ.

എല്ലായിടത്തും അവഗണനയും അവജ്ഞയുമായിരുന്നു. ഒരു നികൃഷ്ടജീവിയെപോലെയായിരുന്നു ബന്ധുക്കൾ കണ്ടിരുന്നത്.



അന്തർമുഖത്വം തന്നെവല്ലാതെ അലട്ടിയിരുന്നു. വിദ്യാലയത്തിൽ കൂട്ടുകാർ തന്നെ വാക്കുകൾ കൊണ്ടു മുറിവേൽപ്പിച്ചിരുന്നു.

"തന്തയില്ലാത്തവൻ" നൂറുവട്ടം ആവർത്തിച്ചതാണ്. മനസ്സിന്റെ നെരിപ്പോടിൽ നീറുന്ന ഓർമ്മകൾ കനലടങ്ങാതെ ഇന്നും അവശേഷിക്കുന്നു.

തന്റെ അച്ഛനാരെന്ന് അമ്മയോടു ചോദിക്കുവാനുള്ള ധൈര്യം തനിക്കുണ്ടായിരുന്നില്ല. എങ്കിലും എന്നും മനസ്സിന്റെ കോണിൽ അറിയുവാനുള്ള ആഗ്രഹം എത്രയോ വലുതായിരുന്നു.

പലപ്പോഴായി അമ്മയെ ശപിച്ചിട്ടുണ്ടെങ്കിലും വെറുത്തിരുന്നില്ല.

വർഷങ്ങളുടെ കുത്തൊഴുക്കിൽ തനിക്കെന്താണ് സംഭവിച്ചത്? സ്വന്തം എന്ന വാക്കിന് ഒരർത്ഥവുമില്ലാതായി. അമ്മ ഭാര്യക്കു ഒരു ഭാരമായി തോന്നയപ്പോഴൊക്കെ മനസ്സു നീറുകയായിരുന്നു. ഒരുവേള ആത്മഹത്യയെപോലും ചിന്തിച്ചുപോയിട്ടുണ്ട്.

തന്നെയും അമ്മയെയും അടച്ചധിക്ഷേപിച്ചപ്പോൾ ഒരു നിമിഷം നിയന്ത്രണം വിട്ടു പോയിട്ടുണ്ട്. കവിളത്ത് ആഞ്ഞടിച്ചു. എന്നും എപ്പോഴും കുറ്റപ്പെടുത്തലുകൾ. ഒരു നിമിഷം പോലും മനസ്സിന് സ്വസ്ഥത അവൾ തന്നിരുന്നില്ല. അമ്മക്കെന്തുകുറവുണ്ടെങ്കിലും അമ്മ അമ്മയല്ലാതാവില്ലല്ലോ!

ഇപ്പോൾ ഏക മകളെയും എടുത്തു ഇറങ്ങിപോയിരിക്കുന്നു.

"അമ്മയും മോനും സുഖമായി ജീവിച്ചോ; ഞാൻ പോകുന്നു."

അനുഭവിക്കട്ടെ വാശി

അവൾക്കു മാത്രമല്ലല്ലൊ. തനിക്കുമില്ലെ.

ആരുടെയൊക്കെയോ സഹായത്താൽ സ്ക്കൂൾ വിദ്യാഭ്യാസം, തരക്കേടില്ലാത്ത മാർക്കോടെ എസ്.എസ്. എൽ.സി. പാസ്സായി.

സൈന്യത്തിൽ എടുക്കുന്നുണ്ടെന്ന് പത്രവാർത്തയെതുടർന്ന് പോയി, എഴുത്തുപരീക്ഷ, കായികക്ഷമത ടെസ്റ്റ് എന്നിവ പാസ്സായി.

എല്ലാത്തിംനിന്നൊരൊളിച്ചോട്ടമായിരുന്നു. കഠിനമായ പരിശീലനം തനിക്കൊന്നുമല്ലായിരുന്നു. അതിലും അഗ്നിപരീക്ഷണം താണ്ടിയാണ് താനിവിടെ എത്തിയതെന്നാർക്കുമറിയില്ലല്ലോ!

തനിക്കുനഷ്ടപ്പെട്ട സൗഭാഗ്യങ്ങളൊക്കെ തിരിച്ചു പിടിക്കണം. ഏറ്റവും വലിയ ആഗ്രഹമായിരുന്നു. പക്ഷേ ദാമ്പത്യത്തിൽ പുഴുക്കുത്തു വീണുകൊണ്ടിരുന്നു. അമ്മ, ഭാര്യ, നടുക്ക് താൻ ഒറ്റപ്പെട്ടതുപോലെ.

"അമ്മയെ വല്ല അഗതിമന്ദിരത്തിലെങ്കിലും കൊണ്ടാക്ക് എനിക്കും മകൾക്കും സ്വൽപം സമാധാനം വേണം."

ഭാര്യയുടെ വാക്കുകൾ ചെവിയിൽ വന്നലക്കുന്നതുപോലെ.

നാട്ടിൽ ലീവിൽ വരുന്നത് ഒരു പേടി സ്വപ്നം പോലെയായിരുന്നു.

"ഹലോ. നിങ്ങൾ പറഞ്ഞ സ്ഥലത്തെത്തി." കണ്ടക്ടർ തട്ടി വിളിച്ചു.

ചാവക്കാട് ടൗണിൽ ബസ്സിറങ്ങി മെല്ലെ ബസ്സ്സ്റ്റോപ്പിലേക്കു നടന്നു.


ഒരന്വേഷണം. എന്നെങ്കിലും തനിക്കു ജന്മം നല്കിയ തന്റെ അച്ഛനെ ദൂരത്തുനിന്നെങ്കിലും ഒന്നു കാണണം. അത്രമാത്രം. ഒരു ദുർബലനിമിഷത്തിൽ അമ്മക്കുസംഭവിച്ച തെറ്റെന്നെ ഞാൻ കരുതുന്നുള്ളു. നാട്ടുകാരിൽ

കവിത



പി.വി. പോൾരാജ്

# പകൽ സ്വപ്നം



മഴ പെയ്ത നേരത്ത് ഈറനണിഞ്ഞു നീ–
മന്ദം മന്ദം എൻ അരികിലെത്തി.
പാദസരത്തിൽ മണിനാദമെൻ കാതിൽ–
സംഗീത സാന്ദ്രമായ് മുഴങ്ങി നില്ക്കേ,
മുല്ലപൂവിൻ ഗന്ധമാകെ പരത്തി നീ–
നമ്രശിരസ്ക്കയായ് നടന്നു നീങ്ങിടവേ,
ഒരു ചെറുപുഞ്ചിരി എനിക്ക് സമ്മാനിച്ചു–
ഒരു കടാക്ഷം നല്കീ അനുഗ്രപിച്ചു.
നിൻ മന്ദഹാസത്തിൽ ഒളിഞ്ഞിരിക്കും മൗനം–
അന്നെന്റെ ഹൃദയത്തിൽ വാചാലമായതും,
ഉൾപുളകത്തിൽ കോരിത്തരിച്ചും ഞാൻ.
പ്രണയത്തിൻ മാധുര്യം നുകർന്നു നിന്നു.
അവൾ പോലുമറിയാത്തയെൻ യാത്രയിൽ
ആമരച്ചോട്ടിൽ മയങ്ങി പോയി–
കുളിർകാറ്റടിച്ചവിടം സുഗന്ധമേകി–
ഇലഞ്ഞിപ്പൂമെത്തയൊരുക്കി തന്നു.
മയക്കത്തിൽ തട്ടിവിളിച്ചേതോ കൂട്ടുകാരൻ
ഞെട്ടിയുണർന്നു ഞാൻ ആലസ്യത്താൽ,
പൊട്ടിച്ചിരിച്ചവൻ എന്നെ നോക്കി–
പകൽ സ്വപ്നം ദുശ്ശീലമാക്കിടേണ്ട.

നിന്നൊരാൾ സംഘടിപ്പിച്ചു തന്ന അഡ്രസ്സുമായിട്ടാണല്ലോ വന്നത്. പക്ഷെ ഈ ടൗണിൽ എങ്ങനെ കണ്ടുപിടിക്കും.

ഒടുവിൽ ഒരു മദ്ധ്യവയസ്സ് തോന്നിക്കുന്ന ഒരാൾ പറഞ്ഞു. "നിങ്ങൾ പറഞ്ഞ സ്ഥലവും ആളെയും എനിക്കറിയാം. കുറച്ചു ദൂരം നടക്കണം."

അദ്ദേഹത്തെയും തന്നോടൊപ്പം കൂട്ടി നടന്നു. വയൽക്കരയിലൂടെയുള്ള ചെമ്മൺ പാത.

ഇടിഞ്ഞു വീഴാറായ ചെറിയ ഓടിട്ടൊരു വീട്.

വീടു ചൂണ്ടികൊണ്ടയാൾ പറഞ്ഞു. "അതാണ് വീട്. പൊയ്ക്കൊള്ളൂ" വഴികാട്ടിയായി വന്നയാൾ പിൻതിരിഞ്ഞു നടന്നു.

മനസ്സു പെരുമ്പറകൊട്ടാൻ തുടങ്ങി, ഹൃദയമിടിപ്പു വർദ്ധിച്ചുവന്നു. ധൈര്യം സംഭരിച്ചു വീടിന്റെ മുറ്റത്തെത്തി.

"ഇവിടാരുമില്ലേ?" പുറത്താരെയും കാണുന്നില്ല. മുൻവാതിൽ തുറക്കപ്പെട്ടു. ഏകദേശം എഴുപഞ്ചോളം വയസ്സു തോന്നിക്കുന്ന വെളുത്തുമെലിഞ്ഞ ആൾ പുറത്തേക്കു വന്നു. ദീനതയും അവശതയും നിറഞ്ഞ മുഖം.

"ആരാ മനസ്സിലായില്ല"

അദ്ദേഹം സംശയത്തോടെ ചോദിച്ചു.

"വാസുദേവൻ " അതെയെന്നയാൾ ഉത്തരം നൽകി. നിന്ന നില്പിൽ ഇമവെട്ടാതെ എത്രനേരം അങ്ങിനെ നിന്നെന്നറിയില്ല.

"സാർ ഇരിക്കണം." അയാൾ കസേര വലിച്ചിട്ടു. തികച്ചും യാന്ത്രികമായി കസേരയിൽ ഇരുന്നു.

പെട്ടെന്നു കൈ രണ്ടും കൂട്ടിപ്പിടിച്ച് കാൽ തൊട്ട് വന്ദിക്കാൻ നോക്കി.

പെട്ടന്നദ്ദേഹം കാൽ പിൻവലിച്ചു. എന്താണീ കാണിക്കുന്നത്" ക്ഷീണിച്ച സ്വരത്തിൽ അദ്ദേഹം പറഞ്ഞു

"കുറച്ചു വെള്ളം വേണ്ടിയിരുന്നു."

തൊണ്ട വരണ്ടിരിക്കുന്നു. സംസാരം പുറത്തേക്കു വരുന്നില്ല. പെട്ടെന്ന് അകത്ത്നിന്ന് ഒരു പെൺകുട്ടി കുടിവെള്ളവുമായി വന്നു. തിരിച്ചു ഗ്ലാസ്സു കൈയിൽ കൊടുത്തു. അവളുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി.

മനസ്സിലായില്ല, എവിടന്നാ

ഞാൻ ചെറുകാവിൽ നിന്നാണ്– അത് പറഞ്ഞതും അദ്ദേഹത്തിന്റെ മുഖത്ത് ഭാവവ്യത്യാസം പ്രകടമായി കാണാമായിരുന്നു.

കഴിഞ്ഞകാല ഭാണ്ഡകെട്ടുകൾ ഓരോന്നായി അഴിഞ്ഞുവീണു. എല്ലാം ശ്രദ്ധയോടെ കേട്ടു. ഏറെ നേരത്തെ മൌനത്തിനു ശേഷം തുടർന്നു.

എന്തു കാരണത്താലാണ് നാടു വിടും ഉപേക്ഷിച്ചു പോന്നത്.

ഞാൻ നിങ്ങളുടെ മകന്റെ സുഹൃത്താണ്. അവൻ പറഞ്ഞിട്ടാണ് ഇത്രവരെ വന്നത് വെറുതെ കള്ളം പറഞ്ഞു.

സമൂഹവും ജാതികോമരങ്ങളും ഉറഞ്ഞു തുള്ളിയപ്പോൾ പിന്നെ അവിടെ നില്ക്കണമെന്നു തോന്നിയില്ല. അന്നത്തെ ആവേശത്തിൽ നാടും വീടും ഉപേക്ഷിച്ചു പോന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ നനവുപടരുന്നത് കാണാമായിരുന്നു.

ഭാര്യ മരിച്ചു. രണ്ടു പെൺകുട്ടികളും ഞാനും, രോഗവും ദുരിതവുമായി കാലങ്ങൾ തള്ളിനീങ്ങുന്നു. അദ്ദേഹം പറഞ്ഞു നിർത്തി.

"മരിക്കുന്നതിനു മുമ്പു അവനെ അല്ല എന്റെ മകനെ ഒരു നോക്കു കണ്ടാൽ മതിയായിരുന്നു." സർവ്വ നിയന്ത്രണവും വിട്ടു പോയി. പെട്ടെന്ന് ഇറുകെ കെട്ടിപിടിച്ചു. പെട്ടെന്ന് പിടി വിടുകയും ചെയ്തു. ഇപ്പോൾ പറഞ്ഞുകൂട. മനസ്സ് മന്ത്രിച്ചു. പെട്ടെന്ന് മുറ്റത്തേക്കു നടന്നു, കൈയിൽ കരുതിവെച്ച ഒരു കെട്ടു നോട്ടു ആ കൈവെള്ളയിൽ വെച്ചു കൊടുത്തു; അകത്ത് ഇരുട്ടിൽ നാലു കണ്ണുകൾ തന്നെ പിൻതുടരുന്നുണ്ടായിരുന്നു.

"അവൻ വരും നിങ്ങളെ കൂട്ടികൊണ്ടുപോകാൻ. ഒരുങ്ങിയിരുന്നോളൂ."

എങ്ങനെയോ പറഞ്ഞു. തിരിഞ്ഞു നടന്നു. ഇതുവരെ അടക്കി നിർത്തിയ വേദന കണ്ണുനീരായ് ഒഴുകി. കർച്ചീഫെടുത്ത് കണ്ണു തുടച്ചുകൊണ്ടയാൾ ഒരിക്കൽ കൂടി തിരിഞ്ഞുനോക്കി. തന്റെ വഴിയെ അച്ഛനും മക്കളും നോക്കി നില്ക്കുന്നുണ്ടായിരുന്നു. ■

**2021 ലെ സംസ്ഥാന ചെറുകഥാ സമാഹാരത്തിനുള്ള ഭാഷാശ്രീ ആർ.കെ. രവിവർമ്മ പുരസ്ക്കാരം വിജയൻ ചെറുവറ്റയുടെ ഒരു പ്രവാസിയുടെ ആത്മനൊമ്പരം എന്ന ചെറുകഥാ സമാഹാരത്തിന ലഭിച്ചു.**



**ശ്രീ. വിജയൻ ചെറുവറ്റ അവാർഡ് ഏറ്റുവാങ്ങുന്നു.**

# പാവന സ്മരണക്ക്




**അരുൺ കെ.**

**കാലിക്കറ്റ് ബാർബൽ ക്ലബ്ബ്**
**കുതിരവട്ടം**

| | |
|---|---|
| **അച്ഛൻ** | **: വിജയൻ** |
| **അമ്മ** | **: സുനിത** |
| **സഹോദരൻ** | **: അർജുൻ** |

**(കോട്ടൂളി - മൂലംവള്ളി)**

**ആദരാഞ്ജലികളോടെ**
**കാലിക്കറ്റ് ബാർബൽ**
**ക്ലബ്ബ് അംഗങ്ങൾ**

കവിതാനിരൂപണം



പൂനൂർ കെ. കരുണാകരൻ

# ജീവിതത്തെ തൊട്ടറിഞ്ഞ കവിതകൾ

മലയാള കവിത ഗദ്യവഴികളിലൂടെ സഞ്ചരിക്കുന്ന പ്രവണതയെയാണല്ലോ, ഇപ്പോൾ ആധുനികതയുടെ ലേബലിൽ വ്യാഖ്യാനിക്കപ്പെടുന്നതും കൊണ്ടാടപ്പെടുന്നതും. മനുഷ്യമനസ്സുമായി സംവദിയ്ക്കുന്ന വികാരങ്ങളെ കവിതയായി രൂപാന്തരപ്പെടുത്തിയെടുക്കുന്ന വാക്കുകളുടെ സ്വത്വം പോലും ഇവിടെ നഷ്ടപ്പെടുന്നുവെന്നതാണ് സത്യം. നമ്മുടെ കാവ്യമണ്ഡലത്തിൽനിന്നു ആസ്വാദകർ പിന്തിരിഞ്ഞുനടക്കുന്നതിന്റെ പ്രധാനകാരണവും മറ്റൊന്നല്ല. കവിതയെ "സംഗീതാത്മകമായ ചിന്ത" യെന്നു വിശേഷിപ്പിച്ച ചരിത്രകാരൻ കൂടിയായ കാർലൈലിന്റെ സിദ്ധാന്തങ്ങൾ പുതുകവിതകൾക്ക് അന്യമാവുന്നു. ഇവിടെയാണ് അനിൽ ചെങ്ങണാശ്ശേരിയുടെ "ശുനകഭാഷ്യം" എന്ന കവിതാസമാഹാരത്തിന് പ്രസക്തിയുണ്ടാവുന്നത്. ഈ യുവകവിയുടെ







കാവ്യ സൃഷ്ടികൾ മുഴുവൻ വായിച്ചു കഴിഞ്ഞപ്പോൾ വലിയ സന്തോഷം തോന്നി. മനസ്സിന്റെ ഭാവ വൈവിധ്യങ്ങളെ കണ്ടറിയാനും അതിനെ ഹൃദ്യമായ കാവ്യനുഭവമാക്കി മാറ്റാനും കവിയ്ക്കു കഴിഞ്ഞുവെന്നു ഈ രചനകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. അവതാരികയിൽ ഡോ. ആര്യാഗോപി ചൂണ്ടിക്കാട്ടിയതുപോലെ, അടിത്തട്ടു മുതൽ ആകാശം വരെയുള്ള പലതും കവിതയുടെ നിരീക്ഷണവലയത്തിൽ ഉൾപ്പെടുന്നു. എങ്കിലും മനുഷ്യനും, മനസ്സിന്റെ സഞ്ചാരപഥങ്ങളും തന്നെയാണ് ഇതിൽ മുഖ്യം എന്നു കാണാം. മാനവത്വവും, അതിന്റെ ദുഃഖ ഭാരങ്ങളും, ദുരന്തങ്ങളും, അവഗണനയും ക്രൂരതയും



എല്ലാം പല രചനകളിലും ഇതൾ വിടർത്തി നില്ക്കുന്നു. ആദ്യ കവിതയായ "ശൂനകഭാഷ്യം" തന്നെ നോക്കുക. നായയുടെ വിലാപത്തിലൂടെ സമൂഹത്തിന്റെ നീതി കേടിനെയാണ് അനിൽ ചേതോഹരമായി തുറന്നു കാണിയ്ക്കുന്നത്.

നായയെന്നോടു ചൊല്ലുന്നു "മാനവാ,
ഞാൻ നിന്റെ സേവകനായി വസിപ്പതു
കാലിനു ചുറ്റും വലം വെച്ചിടുന്നതു
കാരുണ്യമാകുമുച്ഛിഷ്ടത്തിനാകുന്നു"

ഹൃദയ സ്പർശിയായ ഈ വിലാപം ശൂനകന്റേതുമാത്രമല്ല, ദയാരഹിതമായ സമീപനത്തിലൂടെ പരസ്പരം അന്യരായി, ഭൂമിയിലെ നരകത്തീയിൽ നീറി വേവുന്ന സമൂഹത്തിന്റേതുകൂടിയാണ്.

"ആരുടെ നേരെയും ചാടിവീഴാൻ മൂർച്ച
യോരുന്ന ദംഷ്ട്രകളുണ്ടെനിക്കെന്നിട്ടും
അന്നം തരുന്നോന്റെ നേർക്കു ചാടാറില്ല.
എന്നാലു, ലകിൽ ഞാൻ നന്ദി കെട്ടോൻ (ശൂനകഭാഷ്യം)

ആഗോളതലത്തിൽത്തന്നെ ബലപ്പെട്ടുപോയ മനുഷ്യാവസ്ഥയെ ലളിത മനോഹരമായി വ്യാഖ്യാനിയ്ക്കുകയാണ് ഇവിടെ കവി ചെയ്യുന്നത്.

സമാനമായ ആശയം തന്നെ ഉയർത്തിപ്പിടിയ്ക്കുന്നതാണ് "മരണം" എന്ന കവിതയും. ജീവനെടുക്കുവാൻ വന്ന മരണത്തെ നോക്കി പരിഭ്രാന്തനായി നില്ക്കുകയാണ് ആത്മാവ്. അവിടേയ്ക്ക് കാലന്റെ കണക്കപ്പിള്ളയായ ചിത്രഗുപ്തൻ കടന്നു വരുന്നു. ചിത്രഗുപ്തൻ മരണത്തോടു പറയുന്നു.

"ഇവൻ കൊടും വെയിലിൽ പിച്ച നടന്നവൻ
അവനിയിൽ കയ്പു മോന്തിത്തളർന്നവൻ
കത്തും കനൽക്കട്ട തട്ടി കാൽ പൊള്ളിയോൻ
മുള്ളിൻ മുനകളിൽ ചിത്തം തറച്ചവൻ
കണ്ണുനീരാറ്റിലെ വെള്ളം കുടിച്ചവൻ
ദുഃസ്വപ്നം കണ്ടുപേടിച്ചരണ്ടവൻ."

ഇങ്ങിനെ ഓരോ കാര്യവും വിശദീകരിച്ച ശേഷം ചിത്രഗുപ്തൻ മരണത്തോടു പറയുന്നു.

ഇവിടെ നരകം ചമച്ചവനാകയാൽ
ഇവനു നരകമാകുന്നു ജന്മം"

മരണം ഒരു നിമിഷം ചിന്തയിലാണ്ടുനിന്നു ഈ ആത്മാവിനെ നരകനാകങ്ങളിലേയ്ക്ക് വെറുതെ വലിച്ചിഴയ്ക്കണമോ? ഒടുവിൽ ഒരു തീരുമാനത്തിലെത്തി.

"നരകത്തെക്കാളും കഠിനമാകും
നരജന്മം തന്നെയിവനു പഥ്യം"

(മരണം) എത്ര മനോഹരമായാണ് വർത്തമാന കാല ജീവിതത്തിന്റെ വിഹ്വലതകളെ പ്രതീകാത്മകമായി കവി അനുവാചകനിലേയ്ക്കെത്തിയ്ക്കുന്നത്.

ഈ ഗണത്തിൽപ്പെടുന്ന മറ്റൊരു രചനയാണ് "ശവങ്ങൾ"

"ഞാനെന്നെ മനസ്സിലാക്കിയില്ല
അവൻ അവനേയും
ഞാനവനെ മനസ്സിലാക്കിയില്ല
അവൻ എന്നേയും
ഞാൻ ശവമാണെന്നു അവൻ
അവൻ ശവമാണെന്നു ഞാൻ
ശവത്തെ മനസ്സിലാക്കാൻ"
ശവത്തിനു കഴിയുമോ? (ശവങ്ങൾ)

ആത്മസംഘർഷങ്ങളേയും ധർമ്മ സങ്കടങ്ങളേയും "സിംബോളിക് " ആയി അവതരിപ്പിയ്ക്കുന്ന ഈ കവിതയും വായനക്കാരന്റെ ശ്രദ്ധ പിടിച്ചു പറ്റുന്നു.

"അപരന്റെ ചോര കണ്ടാൽ പതറാത്തവർ
അഭയം തേടുന്നോളെയപമാനിയ്ക്കുന്നവർ
ഏറെയുള്ള ഈ ഭൂ മുഖത്ത്
"ഒരു ബുദ്ധൻ വീണ്ടുമുണ്ടാകുവാനായിട്ടു
ഒരു ബോധി വൃക്ഷം തപസ്സു ചെയ്തീടുന്നു" (ബോധി) എന്ന പ്രതീതി പുലത്തുമ്പോഴും

" ആകെ കറുത്തവനെങ്കിലും നിന്നോളം
ആരുമില്ല, മനമിത്ര വെളുത്തവൻ "

(നിഴൽ) എന്നു നിഴലിനോടു സംവദിയ്ക്കുമ്പോഴും, ക്രൂരതയുടെ വേലിക്കെട്ടിൽ ഒറ്റപ്പെട്ടുപോയ കുഞ്ഞാട് ഇടയനെത്തേടുന്ന ദീനസ്വരം കേൾപ്പിയ്ക്കുമ്പോഴും അനിലിന്റെ കവിതകൾ ആലോചനാമൃതങ്ങളായിമാറുന്നു. മുടിയനായപുത്രൻ, നരി, കവിയും കാമുകനും, താര സ്വരം, കടൽ, തുടങ്ങീ സമാഹാരത്തിലെ ഏതാണ്ടെല്ലാ കവിതകളും ആസ്വാദകനെ ആഹ്ലാദിപ്പിയ്ക്കുന്നതും ചിന്തിയ്ക്കാൻ പ്രേരിപ്പിയ്ക്കുന്നവയുമാണ്. ഈ സമാഹാരത്തിലെ കവിതകളിൽ ഞാൻ കണ്ട വലിയ പ്രത്യേകത ഇതിലെ ഓരോ ഈരടിയും താള നിബദ്ധമാണ് എന്നതാണ്. പ്രാസനിഷ്കർഷ അതിനെ സംഗീതമധുരമാക്കുകയും ചെയ്യുന്നു.

"ഹൃദയത്തിലേയ്ക്കു നോക്കാനുള്ള ജനാലയാണ് കണ്ണുകൾ" എന്നു പ്രശസ്തമായ ഒരു ടർക്കിഷ് പഴമെഴിയുണ്ട്. ആ കണ്ണുകളുടെ വെളിച്ചം ചുറ്റുപാടുകളെ നിരീക്ഷിക്കുന്നതിൽ "ശൂനകഭാഷ്യ" ത്തിന്റെ കർത്താവിനു സഹായകരമാവുന്നു എന്നു വേണം കരുതാൻ. കാവ്യ രംഗത്തോട് ഈ യുവ കവി പുലർത്തുന്ന അർപ്പണബോധം തീർച്ചയായും ശ്ലാഘനീയമാണ്. മലയാളകവിതയുടെ ഭാവിവാഗ്ദാനമായി അനിൽ ചെങ്ങണാശ്ശേരിയെ കാണാമെന്നു ഇതിലെ ഓരോ രചനയും സാക്ഷ്യപ്പെടുത്തുന്നു. ■

കവിത





ബാബുരാജ് ചമ്പയിൽ

# അത്ഭുതപ്പെട്ടിയുടെ കെണികൾ

അറിയാതെൻ വിരൽതുമ്പു തട്ടി
ഞാൻ കാണാത്ത ലോകങ്ങൾ കണ്ടു
അറിവിന്റെ ജ്വാലകം തുറന്നവച്ചെൻമുന്നിൽ
ഇനിഅറിയുവാനില്ലെന്നു കരുതി ഞാനും
അരികത്തെ ബന്ധങ്ങൾ മറന്നുകൊണ്ടന്നു ഞാൻ
അകലത്തെ ബന്ധങ്ങൾ സ്വന്തമാക്കി
അവരുടെ വായിലെ തേൻമൊഴി കേട്ടു.
മായികലോകത്തലിഞ്ഞുചേർന്നു.
നുകരാത്ത സ്നേഹവും കേൾക്കാത്തകഥകളും
കേട്ടിട്ടും കേട്ടിട്ടും മതിവന്നില്ല.
അറിയാതെൻവിരൽതുമ്പുത്തട്ടി ഞാൻ
കാണാത്ത ലോകങ്ങൾകണ്ടു.
അകലെയുള്ളവർ അരികിലെത്തിയെന്റെ
കൗമാരം കവർന്നവർ മാഞ്ഞുപോയി.
വിദ്യതൻ നഹങ്കാരമിഥ്യയിൽഞാനന്ന
ന്തയായിമാറിയതറിഞ്ഞില്ല.
മാനവും മനസ്സും കവർന്നു പോയിടും അറി
യാതൊരു പൊട്ടിയാണീ..
അറിയാതെൻവിരൽതുമ്പുതട്ടി
ഞാൻ കാണാത്ത ലോകങ്ങൾ കണ്ടു
ഇടനെഞ്ചുപൊട്ടിതകരുന്ന നൊമ്പരം
കണ്ണിൽ കണ്ണീരായ് ഒഴുകിടുന്നു.
ഉള്ളിലെ ദുഃഖങ്ങൾ പങ്കുവെക്കാനായ്
അരികിലിതാരുമില്ലാത്തനെമ്പരം
അറിയാതെൻ.....


**ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം**



കൊളത്തായ് കോംപ്ലക്സ്
പാലാഴി പാല, കോഴിക്കോട്
(Near Hilite Mall)
ഫോൺ: 9061434339, 8137860600

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ, , സാൻട്രിംഗ് മെഷീൻ,
ഡ്രിൽ, കംപ്രസ്സർ, വെൽഡിംഗ് മെഷീൻ,
കോൺക്രീറ്റ് കട്ടിംഗ് മെഷീൻ തുടങ്ങിയ
വിവിധ ടൂൾസ് മെഷീനുകൾ വാടകയ്ക്ക്.





KANSAI PAINT
Perma
KANSAI NEROLAC PAINTS LIMITED

**AKSHAYA WATER PROOFING**

29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com




ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

**Ammu Distributors**

Joudha Building, 5/2697, Rajeev Nagar Colony
Near Swimming Pool, Calicut - 673 004
Suresh Babu M. (Managing Partner) 9447722358
9495922358, Off : 0495-3550084
E-mail: ammudistributors01@gmail.com




Authorised OF: BALCO
PVC Pipes, Conduits & Solvent Cement
From AN ISO 9001 : 2015 Company



**വിനായക**

വെജിറ്റേറിയൻ റെസ്റ്റോറന്റ്
& കൂൾബാർ

ശ്രീവളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ : പപ്പൻ 8590264866

ചെറുകഥ



ശ്രീധരനുണ്ണി

# വേതാളത്തിന്റെ ചോദ്യങ്ങൾ



വേതാളം തോളത്ത് ചാഞ്ഞു കിടന്ന് കഥ പറയാൻ തുടങ്ങി പണ്ട് പണ്ട് പത്തമ്പത് സംവത്സരങ്ങൾക്ക് മുമ്പ് ഒരു നിരൂപകനും ഒരു കവിയും വൈദ്യരെ കാണാൻ പോയി. ചില്ലറ വൈദ്യരല്ല. രാജവൈദ്യർ. വൈദ്യരുടെ മുറ്റത്ത് ബഹുരസം ഓരോ ജാതിമതസ്ഥർക്ക് വേറെ വേറെ ഇരിയ്ക്കാനായി മുളകൊണ്ട് വേലി കെട്ടി അതിര് ഉണ്ടാക്കിയിരിക്കുന്നു ജാതിയുടെ മുന്നോക്ക പിന്നോക്ക അവസ്ഥ നോക്കി നിശ്ചിത സ്ഥലത്ത് ഇരിക്കണം അത് കർശന നിയമം. കവിനിരൂപഹയന്മാർ ഇതികർത്തവ്യതാ മൂഢരായി. പിന്നെ വെറും മൂഢരായി. വൈദ്യർ കോലായിൽ ചാരുകസേരയിൽ ിരുന്നു കൊണ്ട് ഉച്ചസ്ഥായിയിൽ ചോദിച്ചു.

എന്താ പേര്?

നിരൂപകൻ പ്രതിവചിച്ചു:

കുട്ടപ്പൻ

എന്ത് കുട്ടപ്പൻ

സാദാകുട്ടപ്പൻ

എന്നാലും വെറും കുട്ടപ്പനോ

മറ്റേതാരാ?

ഒരു നാടിന്റെ പേരിൽ അറിയപ്പെടുന്ന കവി ആ പേര് പറഞ്ഞു.

അതൊരു ദേശമല്ലേ?

എന്റെ പേരാ.

ജാതിയനുസരിച്ച് ഇരിയ്ക്കൂ. കവിയും നിരൂപകനും ഇരുന്നില്ല. അവർക്ക് അപ്പഴേ രോഗം മാറി. വൈദ്യരുടെ രോഗം മാറാൻ പ്രാർത്ഥിച്ച് നിർഗ്ഗമിച്ചു.വേതാളം ചോദിച്ചു. ഇതിൽ ആരാ ശരി?

ഉത്തരം കിട്ടാത്തതിനാൽ വേതാളം മരക്കൊമ്പിൽ തലകീഴായി തൂങ്ങികിടന്നു.

വേതാളത്തിന്റെ ചോദ്യം

അനുരാഗത്തിന് കണ്ണും മൂക്കുമില്ല. ഈടാർന്നു വായ്ക്കുമാ നദി ഏതു വഴിയിലൂടെയും ഒഴുകാം. അന്ന് അതൊഴുകിയത് കടുത്ത സോഷ്യലിസവും മുഴുത്ത ജാതി ചിന്തയും കൈകാട്ടിക്കളിനടത്തുന്ന ഒരിടത്തേക്കാണ്.

അര നൂറ്റാണ്ട് മുമ്പാണ്. കഥാനായകന് സോഷ്യലിസ്റ്റ് നേതാവിന്റെ സീമന്തപുത്രിയോട് കലശമായ അനുരാഗം. നായകന്റെ രക്ഷിതാക്കൾ മറ്റൊരു സോഷ്യലിസ്റ്റ് മൂരാച്ചിയെ ദൂതനായി അയച്ചു. സോഷ്യലിസ്റ്റ് തന്ത വെട്ടിത്തുറന്ന് കാര്യം പറഞ്ഞു. ഞങ്ങൾ മുന്തിയ ജാതിക്കാരാണെന്ന്. മാഷ്ക്ക് അറിയാലോ? ജാതിയിൽ താഴ്ന്നവർക്ക് ഞങ്ങളുടെ തറവാട്ടിൽ നിന്ന് പെണ്ണ് കൊടുത്ത ചരിത്രമില്ല. സോഷ്യലിസ്റ്റ് മാഷ് വിഷണ്ണനായി മടങ്ങി

കഥ നിർത്തി വേതാളം ചോദിച്ചു

ഈ സോഷ്യലിസത്തിന്റെ പേര് എന്താണ്?

ഉത്തരം കിട്ടാത്തതിൽ വേതാളം പോയി മരക്കൊമ്പിൽ തൂങ്ങിക്കിടന്നു. ■

നോവലറ്റ്



13



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്വാരം

അച്ഛനോടും അമ്മയോടും മറുപടി പറയാതിരിക്കാനാവില്ല.

ജന്മം നല്കിയവരുടെ സ്നേഹ പ്രകടനങ്ങൾക്ക് ഉത്തരമായി ഞൊടിയിടയിൽ എന്താണ് പറയേണ്ടത്.

ഇനിയും മുന്നോട്ടേക്കുള്ള ജീവിതത്തിൽ തനിയ്ക്ക്, ഘോഷിനെ പോലെ അത്രയും തന്നെ അനിവാര്യമാണ് തന്റെ അച്ഛനും അമ്മയും ബന്ധുക്കളും സഹോദരന്മാരും.

ഘോഷ് ഏത് നിമിഷവും പോലീസ് കസ്റ്റഡിയിലാകാം. ചിലപ്പോൾ നീണ്ട ജയിൽവാസം പോലും വേണ്ടി വന്നേക്കും.

രൂപയുടെ മനസ്സൊന്നു പിടഞ്ഞു.

എന്തുതന്നെയായാലും അച്ഛന്റെ ആഗ്രഹമതാണെങ്കിൽ അച്ഛൻ പറഞ്ഞതുപോലെ പത്രസ്ഥാപനം തുടങ്ങുന്നതു തന്നെയാണ് നല്ലത്. ഒരു പക്ഷേ മുന്നോട്ടേക്കുള്ള ജീവിതത്തിനു അത് അത്യന്താപേക്ഷിതവുമാവാം.



എങ്ങിനെയും ഘോഷിനെ രക്ഷപ്പെടുത്തണം. അതാണല്ലോ മുഖ്യം. പോലീസുകാരുടേയും ഗുണ്ടകളുടേയും പിടിയിലകപ്പെടാതെ ഘോഷിനെ തന്റെ കയ്യെത്തും ദൂരത്ത് എത്തിക്കുക എന്നത് വളരെ ശ്രമകരമാണ്. എന്നാലും ഘോഷിനൊരു പുതിയ ഒളിത്താവളം കണ്ടെത്തണം.

ഏതു വിധേനേയും അതു സാധിപ്പിച്ചേ മതിയാകൂ.

ഒളിത്താവളം കണ്ടെത്തുന്നതിനിടയിലുള്ള കാലയളവിൽ ഘോഷ് പോലീസുകാരുടെയും ഗുണ്ടകളുടേയും പിടിയിലകപ്പെടാതെ സംരക്ഷണം ഒരുക്കുക്കുകയും വേണം.

രൂപയുടെ മനസ്സിൽ ഒരായിരം പദ്ധതികൾ തെളിഞ്ഞു വന്നു.

വിവേകപൂർവ്വമുള്ള തീരുമാനമെടുത്തില്ലെങ്കിൽ എന്നെന്നേക്കുമായി തന്റെ വിവാഹസങ്കൽപ്പങ്ങൾ വാടി കൊഴിയും.

ഇന്നലെയും ഇന്നും തുടങ്ങിയതല്ല ഘോഷിനോടുള്ള തന്റെ മാനസികാഭിനിവേശം. അത് സ്ക്കൂൾ വിദ്യാഭ്യാസത്തിൽ മൊട്ടിട്ടെങ്കിലും ഇന്നും അത് കായ്യായോ ഫലമായോ പൂർണ്ണത കൈവരിച്ചിട്ടില്ല. ഘോഷിന് ഇന്നും പ്രസ്ഥാനമാണ് അയാളുടെ മനസ്സിൽ ഒന്നാമതായി നില്ക്കുന്നത്.

താൻ ഇന്നും അദ്ദേഹത്തിന്റെ മനസ്സിൽ രണ്ടാമതാണ്.

ഘോഷിന്റെ മനസ്സിൽ ഒന്നാം

സ്ഥാനത്ത് എത്തുവാനുള്ള പ്രയാണത്തിലെ അവസാനത്തെ ശ്രമവും പരാജയപ്പെട്ടിരിക്കുന്നു.

രൂപയുടെ മനസ്സ് മുന്നിലുള്ള യാഥാർത്ഥ്യങ്ങളിലേക്ക് തിരികെയെത്തി.

മനസ്സുണർന്നു പ്രവർത്തിച്ചു. ഹോസ്റ്റലിലാണ് താൻ ഇരിക്കുന്നതെന്നും അച്ഛനും അമ്മയും മുന്നിലിരുന്ന് തന്റെ നന്മ കാംക്ഷിച്ച് യാചിക്കുകയാണെന്നും മനസ്സിലാക്കി.

എന്തുകൊണ്ടന്നറിയില്ല അവരുടെ ഉപദേശങ്ങളുമായി സന്ധി ചെയ്യുന്നതിനുള്ള തീരുമാനം രൂപയിൽനിന്നുണ്ടായി.

ഹോസ്റ്റൽ വാർഡനോടു വീട്ടിലേക്കെന്നു പറഞ്ഞ് ലീവിനപേക്ഷിച്ച് അച്ചനോടും അമ്മയോടും ഒപ്പം രൂപ വീട്ടിലേക്കു പുറപ്പെട്ടു.

വീട്ടിൽ സന്തോഷം വീണ്ടും മുളപൊട്ടി.

അച്ഛന് സുഖക്കേടിനും കുറവുണ്ടായി.

മനസ്സിനുള്ള വേദനക്ക് മരുന്നുകഴിച്ചിട്ടെന്തു പ്രയോജനം?

തന്റെ തിരിച്ചുവരവോടുകൂടി ബിസിനസ്സ് സ്ഥാപനങ്ങളിൽ അച്ഛൻ അതീവ ജാഗ്രത കാണിക്കുകയും മുൻകാലങ്ങളിലെ പോലെ ഉണർന്നു പ്രവർത്തിക്കുകയും ചെയ്യുന്നതു സാധാരണമായി.

തന്നോടു പറഞ്ഞതുപോലെ സുപ്രസിദ്ധമായതും സംസ്ഥാനത്തൊട്ടാകെ പതിനഞ്ചോളം എഡീഷനുള്ളതുമായ ഒരു പത്രസ്ഥാപനം അച്ഛൻ വിലകൊടുത്തു വാങ്ങി.

പഴയ ഉടമ രോഗശയ്യയിലായതു കാരണം മകനാണ് ആ പത്രം പ്രസിദ്ധികരിച്ചിരുന്നുത്. അയാളുടെ ഭാര്യ അമേരിക്കയിൽ ഡോക്ടറാണ്. അയാൾക്ക് ഇന്ത്യയിൽ നിൽക്കുന്നതിന് താല്പര്യം ഇല്ലത്രെ.അതുകൊണ്ടാണ് അയാൾ അച്ഛന് പത്രത്തിന്റെ അവകാശം വിറ്റത്.

അച്ഛൻ പത്രത്തിന്റെ അവകാശം തന്റെപേരിലാക്കിരജിസ്റ്റർചെയതു.

പത്രത്തിന്"കൽക്കത്ത ടൈംസ്" എന്ന് പേര് നിർദ്ദേശിച്ചത് താനാണ്.

പഴയ ചീഫ് എഡിറ്റർ

### കഥ ഇതുവരെ

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും, ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേജിലെ മറ്റൊരു വിദ്യാർത്ഥിയായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈരികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടാനായി കോളേജിൽ ഘോഷിന്റെ നേതൃത്വത്തിൽ സമരം തുടങ്ങി. അത് പോലീസ് ലാത്തിച്ചാർജ്ജിലാണ് അവസാനിച്ചത്. ബോസ് വീണ്ടും പ്രണയാദ്യർത്ഥനയമായി രൂപാസെന്നിനെ കണ്ടു. പഴയതു പോലെ രൂപ നിരസിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ തൊഴിലാളികളുടെ നേതൃത്വത്തിൽ ഭക്ഷ്യക്ഷാമത്തിനെതിരെ സമരം തുടങ്ങി. വിദ്യാർത്ഥികളും സമരത്തിൽ പങ്കുചേർന്നു. ഘോഷ് പോലീസ് ബലപ്രയോഗത്തിൽ പരിക്കേറ്റ് ആസ്പത്രയിലായി. പ്ലാൻന്റർ സുരേന്ദ്ര പ്രസാദിന്റെ തോട്ടത്തിലെ തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. എന്നാൽ പ്ലാന്റർ റാണയുടെ നേതൃത്വത്തിൽ ഡാർജിംഗിലെ തോട്ടം തൊഴിലാളി സമരം പരാജയപ്പെടുത്താൻപ്രതിരോധസ്ക്വോടു രൂപികരിച്ചു പ്രവർത്തനം തുടങ്ങി. ആദ്യവട്ട പ്രവർത്തനമായി സുരേന്ദ്രപ്രസാദിന്റെ തോട്ടത്തിലെ മൂന്നു തൊളിലാളികളെ അവർ വധിച്ചു. തോട്ടം മേഖലാ തൊഴിലാളികൾ പരിഭ്രാന്തിയിലായി. റാണയെ നേരിടാനായി നേതൃത്വം തോട്ടം മേഖലയിലേക്ക് ഘോഷിനേയും സംഘത്തേയും അയച്ചു. അവർ റാണയുടെ ബംഗ്ലാവിൽ എത്തി. ഘോഷ് റാണയുടെ ബഡ്റൂമിനടുത്തെത്തി.ഏറ്റുമുട്ടലിനിടയിൽ റാണ സ്വന്തം സംഘത്തിന്റെ വെടിയേറ്റു മരിച്ചു. ഘോഷ് ഒളിവിലായി. രൂപ ഒളിവിലിരിക്കുന്ന ഘോഷിനെ കാണാൻ ഹോസ്റ്റലിൽ നിന്ന് സഹപാഠികളോട് പറയാതെ ഓട്ടോയിൽ രവീന്ദ്രയെ അന്വേഷിച്ച് അംബേദ്ക്കർ ചേരിയിലെത്തി. രവിന്ദ്രയോടൊപ്പം ഘോഷിന്റെ ഒളിത്താവളം ലക്ഷ്യം വെച്ച് ആകാശുമായി ചേർന്ന് മൂവർ സംഘം ഡിഗ്രിട്ടണിലെത്തി. ബോസിന്റെ ആളുകൾ ഇവരെ പന്തുടരുന്നുണ്ടായുന്നു.
മരണപ്പെട്ട റാണയുടെ സമരവിരുദ്ധ സ്ക്കോഡുമായി ബോസ് ചങ്ങാത്തത്തിൽ കൈകകോർത്തു.
ഘോഷിന്റെ ഒളികത്താവളത്തിലേക്ക് രവീന്ദ്രയുടെ പിന്നാലെ ചെങ്കുത്തായ തേയിലമല തോട്ടങ്ങൾക്കരികിലൂടെയുള്ള അപകടങ്ങൾ നിഞ്ഞ ചെമ്മൺ പാതയിലൂടെ രൂപയും ആകാശും കയറ്റം തുടർമ്മുകൊണ്ടിരുന്നു

**(നോവലറ്റ് തുടർന്നു വായിക്കുക)**

ബിശ്വജിത്ത് സാറിനെ തന്നയാണ് കൽക്കത്ത ടൈംസിന്റേയും ചീഫ് എഡിറ്ററായി പുനർനിയമിച്ചത്.

അയാൾ വളരെ ഗൗരവ പ്രകൃതക്കാരനാണ്. എന്നുമാത്രമല്ല റിപ്പോർട്ടർമാരും സ്റ്റാഫും തന്റെ ഇംഗിതത്തിനു വഴങ്ങി മാത്രം ജോലി ചെയ്യണമെന്ന് നിർബന്ധമുള്ളയാൾ. പത്ര വ്യവസായ രംഗത്ത് ജീനിയസായ അദ്ദേഹത്തിനനോട് മറുത്തൊന്നും ആരും പറയാറില്ല. എന്നു മാത്രമല്ല ഉടമയും ചീഫ് റിപ്പോർട്ടറുമായ തന്നെ പോലും ചൊല്പടിയിൽ നിർത്തുന്നതിന് കമാന്റിങ്ങ് പവറുള്ള ചീഫ് എഡിറ്റർ.

കൽക്കത്ത ടൈംസിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അയാളെ ഇഷ്ടവും എന്നാൽ ഇട പഴകുന്നതിന് ഭയവുമാണ്.

ആഴ്ചകൾക്കുള്ളിൽപത്രത്തിന്റെ സർക്കുലേഷൻ സംസ്ഥാനക്കൊട്ടാകെ ഗണ്യമായി വർദ്ധിച്ചു.

എന്നു മാത്രമല്ല അന്വേഷണാത്മക റിപ്പോർട്ടിംഗ് രംഗത്ത് രൂപ അതിപ്രശസ്തയുമായി.

ഡാർജിലിംഗ് ജില്ലയിലെ തേയില തോട്ടങ്ങളിലും പ്രത്യേകിച്ച് "ഡിഗ്രിട്ടൺ" ലും നടക്കുന്ന സമരം പത്രങ്ങളിൽ വീണ്ടും പ്രധാന വാർത്തകളായി.

ഡിഗ്രിട്ടൺ സമരാവേശത്തിൽ വീണ്ടു പതിന്മടങ്ങ് തിളച്ചുമറിഞ്ഞു.

**(തുടരും)**

ഓർമ്മ



ജോസഫ് പൂതക്കുഴി

# യു.എ. ഖാദർ അനുസ്മരണം





**കോ**ഴിക്കോട് ഗുരുവായൂരപ്പൻ കോളേജിനടുത്ത് താമസക്കാരനായിരുന്ന യു.എ. ഖാദർ പത്രപ്രവർത്തകൻ, ചിത്രമെഴുത്തുകാരൻ എന്നി നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചയാളും മലയാളത്തിൽ നോവലുകളും ചെറുകഥകളും യാത്രാവിവരണങ്ങളും മറ്റുമായി 70 ൽ പരം കൃതികളുടെ കർത്താവുമാണ്. ജനിച്ച നാടല്ല ജീവിച്ച പ്രദേശങ്ങളും അവിടത്തെ മനുഷ്യരുമാണെന്റെ എഴുത്തിനെ സ്വാധീനിച്ചതെന്ന് യു.എ. ഖാദർ പലയിടങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്.

മ്യാൻമാറുകാരിയായ മാതാവ് മൈമൂദിയുടെയും കേരളീയനായ പിതാവ് മൊയ്തീൻ കുട്ടി ഹാജിയുടെയും മകനായി 1935 ൽ കിഴക്കൻ മ്യാൻമാറിൽ ജനനം. ചീനക്കാരുടെ പതിഞ്ഞ മൂക്കും ഇറുകിയ കണ്ണുകളും മഞ്ഞ നിറവും ഉയരം കുറഞ്ഞ ശരീരപ്രകൃതിയും മലയാള സാഹിത്യകാരന്മാരിൽ യു.എ. ഖാദറിനെ വ്യതിരിക്തനാക്കുന്നു.

മ്യാൻമാറിന്റെ മാതൃത്വവും കൊയിലാണ്ടിയുടെ പിതൃത്വവും ബാല്യകാല സ്മരണകളെ ദീപ്തമാ







ക്കുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത് കേരളത്തിലെത്തി. ചന്ദ്രിക ആഴ്ചപ്പതിപ്പിന്റെ ബാലപംക്തിയിലൂടെ എഴുത്താരംഭിച്ചു. സി.എച്ച്. മുഹമ്മദ് കോയയുടെ പ്രോത്സാഹനം ഖാദറിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. ആരോഗ്യവകുപ്പിലും ആകാശവാണിയിലുമുള്ള ജോലി അദ്ദേഹത്തിനു ഒരു പാടു സുഹൃത്തുക്കളെ സമ്മാനിച്ചു. കോഴിക്കോടിന്റെ സാഹിത്യ വേദികളിൽ നിരവധി പ്രിയമിത്രങ്ങൾ അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. ഏതൊരു സാധാരണക്കാരനും മനസ്സിലാവുന്ന എഴുത്ത് അദ്ദേഹത്തെ ജനപ്രിയനാക്കി. തന്റെ പ്രിയനാട് തൃക്കോട്ടൂരിന്റെ തട്ടകം തന്റെ എഴു



ത്തിന്റെ ആധാരശിലയാക്കി മാറ്റി വായനക്കാർ നെഞ്ചിലേറ്റിയ യു.എ. ഖാദറിന്റെ കൃതികൾക്ക് പ്രചുരപ്രചാരം ലഭിച്ചു. നാടോടി വിജ്ഞാനശകലങ്ങളും ആചാരാനുഷ്ഠാനങ്ങളും ഭൂതപ്രേതാദികളും തെയ്യവും കാവും കാവടിയാട്ടവും മിത്തുകളായി യു. എ. ഖാദറിന്റെ കൃതികളിൽ നിറഞ്ഞുതിമിർക്കുന്നു. ഖാദറിന്റെ ഏറ്റവും പ്രസിദ്ധകൃതിയെന്ന് വായനക്കാർ തീർപ്പുകൽപ്പിച്ച "തൃക്കോട്ടൂർപ്പെരുമ" ഭാഷയിലെ ദേശപുരാവൃത്ത സൃഷ്ടികളിൽ മുൻപന്തിയിൽ വിരാജിക്കുന്നു. "തൃക്കോട്ടൂർപ്പെരുമ "എന്ന





കൃതിക്ക് 1984 ൽ കേരള സാഹിത്യ അക്കാദമി അവാർഡും, "തൃക്കോട്ടൂർ നോവെല്ലകൾ" ക്ക് 2009 ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിക്കുകയുണ്ടായി. പുരോഗമന കലാ സാഹിത്യ സംഘം പ്രസിഡണ്ടും ലളിതകലാ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള ഭാഷാ ഇൻസ്റ്റി



റ്റ്യൂട്ട്, സാഹിത്യ പ്രവർത്തക സംഘം എന്നിവയുടെ ഭാരവാഹിയും ആയിരുന്നു. മലയാള ഭാഷയുള്ളിടത്തോളം കാലം തൃക്കോട്ടൂർപ്പെരുമയുടെ മഹത്വം ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്ത പ്രിയ എഴുത്തുകാരൻ വായനക്കാരുടെ മനസ്സിൽ പ്രഭ തൂകി നിൽക്കും. തീർച്ച. ■

മിനികഥ

# കുറ്റം

ബാബു ചീരോടി



എന്തിനും ഏതിനും കുറ്റം കണ്ട് പിടിക്കുന്ന ഭർത്താവായിരുന്നു അവളുടേത്.

പതിവ് പോലെ അന്ന് വൈകുന്നേരം ജോലി കഴിഞ്ഞ് അയാൾ ചായ കുടിക്കാൻ വന്നിരുന്നപ്പോൾ ചായക്ക് ഒപ്പം വെച്ച കപ്പ വറുത്തത് കണ്ട് അയാൾ ദേഷ്യത്തോടെ തിരക്കി.

നിനക്ക് തലക്ക് വട്ടുണ്ടോ?

അവൾ അയാളുടെ മുഖത്തേക്ക് നോക്കി

രാവിലെ ഓഫിസിൽ പോകുമ്പോൾ കപ്പ പുഴുക്ക്. ഉച്ചക്ക് ഊണ് കഴിക്കാൻ വന്നപ്പം കപ്പ ഉപ്പേരി. ഇപ്പോൾ ഇതാ ചായക്ക് കപ്പ വറുത്തത്.

അവൾ അത് കേട്ട് ഊറികൂടിയ ചിരി മായ്ച്ച് പറഞ്ഞു. രാവിലെ തന്നത് കപ്പ പുഴുക്ക്. ഉച്ചക്ക് കഴിച്ചത് മരച്ചീനി ഉപ്പേരി. വൈകിട്ട് തന്നത് പൂള വറുത്തത്.

അയാൾ അത് കേട്ട് വാ പൊളിച്ച് അവളെ നോക്കി.

മിനികഥ

# ഷാമ്പൂ



വിനോദ്കുമാർ വി. നറുകര

ടൗണിലെ പ്രമുഖ ഫാൻസി ഷോപ്പിന് മുമ്പിൽ പുതിയ ഒരു ഹെയർ ഡൈ ഷാമ്പൂവിന്റെ പരസ്യം ശ്രദ്ധയിൽപ്പെട്ട മദ്ധ്യവയസ്കനായ തല നരച്ച ആൾ ആ പരസ്യമൊന്ന് എത്തി നോക്കാൻ ശ്രമിക്കുമ്പോൾ ആ പരസ്യബോർഡിന് മറഞ്ഞ് നിന്ന് തടസ്സം സൃഷ്ടിച്ച യുവതി ചൂടായികൊണ്ട് പറഞ്ഞു;

"പിരിയിളക്കം മനസ്സിലായി, ഞെരമ്പു രോഗിയാണല്ലേ?

അങ്കിളേ, പെണ്ണുങ്ങളെ കണ്ടിട്ടില്ലേ, ഇങ്ങനെ ഉണ്ടക്കണ്ണുകാട്ടി തുറിച്ചു നോക്കി പേടിപ്പിക്കണോ?, കുറച്ച് മുടി ഉണ്ടായിപോയെന്ന് കരുതി എന്റെ തലയിലേക്ക് തന്നെ നോക്കണോ?."

മദ്ധ്യവയസ്കൻ ശാന്തനായി സൗമ്യപൂർവ്വം;

മോളെ, നിന്റെ തലയിൽ ഒന്നുമില്ലെന്ന് മനസ്സിലായി.

നിന്റെ തലമുടി അളക്കാൻ വന്നവനല്ല ഞാൻ.

ഞാനീ പുതിയ ഹെയർ ഡൈ ഷാമ്പൂവിന്റെ പരസ്യബോർഡ് ഒന്നു നോക്കിയതാ!

അയാൾ ആ പുതിയ ഷാമ്പൂ ഫാൻസി കടയിൽ നിന്നും വാങ്ങി സ്ഥലം വിടുന്നതും നോക്കി യുവതി മിഴിച്ചു നിന്നു.

# സ്മരണാഞ്ജലി



മരണം 17-01-2006
സി.കെ. പെരച്ചക്കുട്ടി



മരണം 06-06-2021
കൊറ്റ്യടത്ത് സൗമിനി
W/O സി.കെ. പെരച്ചക്കുട്ടി

ദുഃഖസ്മരണകളോടെ...

**മക്കൾ:** സി.കെ. രാഘവൻ (CKR), പ്രഭാവതി, അരവിന്ദാക്ഷൻ, രാജൻ, പ്രഭിജ.


**മരുമക്കൾ:** പ്രഭ രാഘവൻ, ശശിധരൻ, ഗീത അരവിന്ദൻ, ബിന്ദു രാജൻ, കൃഷ്ണദാസ്.

**പേരക്കുട്ടികൾ:** ജജിൻ രാഘവൻ, അമ്പിളി, അശ്വിൻ, അനുഷ, അരവിന്ദ്, അഷിന്ദ്, അതുൽ രാജ്, നിതുൽ-ബിബിൻ ശശി, നിമ്മി-ജിനിദാസ്, മുരളികൃഷ്ണ മറ്റു ബന്ധുമിത്രാദികൾ

ചെറുകണ്ടിയിൽ വീട്, തലക്കുളത്തൂർ

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാലസാഹിത്യ പുരസ്കാരങ്ങൾ വിതരണം ചെയ്തു




**മലയത്ത് അപ്പുണ്ണി (സമഗ്രസംഭാവന) പുരസ്ക്കാരം ഏറ്റുവാങ്ങുന്നു.**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാലസാഹിത്യ പുരസ്കാരങ്ങൾ കവി പ്രഭാവർമ്മവിജയ്കൾക്ക് സമ്മാനിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായി.**

**സമഗ്രസംഭാവന പുരസ്കാരം ഉൾപ്പെടെയുള്ളവയാണ് സമ്മാനിച്ചത്. മലയത്ത് അപ്പുണ്ണി (സമഗ്രസംഭാവന), മടവൂർ സുരേന്ദ്രൻ (കവിത), പ്രദീപ് കണ്ണങ്കോട് (നാടകം), മനോജ് അഴിക്കൽ (വൈജ്ഞാനികം), സാഗാ ജെയിംസ് (പുനരാഖ്യാനം), സുധീർ പൂച്ചാലി (ശാസ്ത്രം), സി റഹീം (ജീവചരിത്രം/ആത്മകഥ), റോഷൻ (ചിത്രീകരണം), പ്രശാന്തൻ മുരിങ്ങേരി (ചിത്രപുസ്തകം), ജനു, ശ്രീലേഷ് കുമാർ( പുസ്തക ഡിസൈനർ) എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. 60,001 രൂപയും പ്രശസ്തപത്രവും ശിൽപ്പവും അടങ്ങുന്നതാണ് സമഗ്രസംഭാവനപുരസ്കാരം. 20,000 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് മറ്റ് പുരസ്കാരങ്ങൾ. ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗങ്ങളായ പയ്യന്നൂർ കുഞ്ഞിരാമൻ, രാജേഷ്, വള്ളിക്കോട്, ജി രാധാകൃഷ്ണൻ തുടങ്ങിയവരും സംസാരിച്ചു.**

**കവിത**

**സുഹാസിനി എ.പി.**

# ഒരു തൂവൽ പക്ഷി



ഒരു തൂവൽപ്പക്ഷിപോൽ നീയെന്റെ ചാരത്ത്
കണ്ണോടു കൺനട്ട് ചേർന്നിരിപ്പൂ...
നിൻ വിരൽതുമ്പിനാൽ നീയെന്റെ മനസിന്റെ
ജാലകച്ചെപ്പു തുറന്നുമെല്ലെ...

മറ്റാരും കാണാതെ ഒളിച്ചുവെച്ചെൻ മനം
നിന്നോടുമാത്രം വിതുമ്പിപ്പോയി.
വെറുതെ നിലാവിന്റെ ഓരത്തിരുന്നൊരാ
കൊച്ചു നക്ഷത്രമെന്നും എന്നെനോക്കി.

മിണ്ടാതെ മിണ്ടുന്ന നീല നിലാവെന്റെ
മൗനത്തിനെന്നും കൂട്ടായിരുന്നു...
വെറുതെ മനസിന്റെ ആഴങ്ങളിൽ
കൊച്ചുവ്യാമോഹമെന്തിനെന്നോർത്തു ഞാൻ
പിൻവാങ്ങി നിൽക്കെ...
ഒന്നുമറിയാത്ത ഭാവത്തിൽ-
പറക്കാൻ നീ വെമ്പുമ്പോൾ

ഉള്ളു പിടയുന്ന നൊമ്പരത്തിലും
നിൻ തൂവൽ കൊഴിയാതെ...
നിൻ മനമുടയാതെ...
വിഹായസ്സിലേക്ക് ഞാൻ സ്വതന്ത്രയാക്കി...

പറയാനൊരുപാട് ബാക്കി വച്ചതൊക്കെയും
പാഴ്വാക്കുകളായ് മറഞ്ഞിരിക്കെ...
മനസിന്റെ കോണിലായ് ഒളിമങ്ങാതെ നിൻ
ഓർമ്മകൾ മാത്രം ബാക്കിയായി...
ഞാനെന്റെ മനസിന്റെ പുസ്തകതാളിൽ
കരുതിവച്ചിട്ടുണ്ട് നിൻ തൂവൽ നിധി പോലെ
ആരും അറിയാതെ
ആകാശം പോലും കാണാതെ
എന്നും തുറന്നുനോക്കും ഞാനാ പുസ്തകതാളുകൾ
നിൻ തൂവൽ എന്നും അവിടെയുണ്ടാകും
എന്നും ഭദ്രമായി

New Style Dresses




Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

**NAKSHATHRA SILKES & SAREES**
P.S.C. BANK BUILDING
Pantheerankave, Mob: 9400931425




SilkDesigner Sarees
Churidar Materials Kids Wears

**ന്യൂകൃപ**
എക്സ്റേ & ലബോറട്ടറി
**വയനാട് റോഡ്, Op. ഫാത്തിമ ഹോസ്പിറ്റൽ,**
**കോഴിക്കോട്**
MOB : VINODINI HARIDAS 9400592584

**T. Kumaran Vaidyar's**
**JAYAPRAKASH PHARMACY**
**Malapparamba, Kozhikode - 9,**




**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**

**DHANA LAKSHMI JEWELLERY**





**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
Prop : M.C. Vinodkumar : Mob : 9847070204
Shop : 2331737, Resi : 2324410


MANAMKULAM TIMBERS
Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

**P.V. ENTERPRISES**
DEALERS IN ELECTRICAL & PLUMBING MATERIALS
17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

**MANAMKULAM ENTER PRISES**
Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF VENEER- PLY- LAM & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

Highness Cool
Refrigeration & Air Conditioning
Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

**Orange**
**men`s Beauty parlor**
**A R Complex, Mankave,**
**Kozhikode 673 007**
**Mob: 9447949402**



PRADEEP
**ENGINEERING AUTO MOBILES**




**Parayancheri, Kozhikode- 16**
**Mob: PRADEEP - 9746648048**
**TRESS WORK, GATE, GRILL etc**

**CAR TECH**
**Krishnan Nair Road Junction, Karaparamba,**
**Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



GOVERNMENT APPROVED
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

യാത്രാവിവരണം



ശോഭ മക്കട

# ഹരിദ്വാർ യാത്രാവിവരണങ്ങൾ




**06-10-2021**

**21-10-2016** വെള്ളിയാഴ്ച വൈകിട്ട്, 5.15ന് ശ്രേഷ്ഠാചാര സഭയുടെ ആഭിമുഖ്യത്തിൽ ആചാര്യൻ എം.ടി. വിശ്വേട്ടന്റെ അനുഗ്രഹത്തോട് കൂടി, ഡെറാഡൂൺ - കൊച്ചുവേളി എക്സ്പ്രസ്സിൽ ഞങ്ങൾ കോഴിക്കോട് നിന്ന് യ്ത്രയാരംഭിച്ചു. സംഘത്തിൽ എൺപത്തഞ്ച് പേരുണ്ടായിരുന്നു. 8.15 PM.ന് കാസർഗോട്ടെത്തി. 22-10-2016ന് രാവിലെ മഹാരാഷ്ട്രയിൽ എത്തി. അവിടെ നല്ല മഞ്ഞുണ്ടായിരുന്നു. 6.45ന് ബാനസവാടി എന്ന സ്ഥലത്തെത്തി. കൊങ്കൺ റെയിൽവേ വഴി ട്രെയിൻ ഓടിക്കൊണ്ടിരിക്കുകയാണ്. ലോകത്ത് ഇന്നുള്ള ഒരു എഞ്ചിനീയറിംഗ് വിസ്മയമാണ് കൊങ്കൺ റെയിൽപാത, പിന്നെ തുരങ്കങ്ങൾക്കിടയിലൂടെ ഭയം ജനിപ്പിക്കുന്ന യാത്രയായിരുന്നു. എങ്കിലും അതൊരു നവ്യാനുഭവം തന്നെയായിരുന്നു. 7.15ന് രത്നഗിരി എന്ന സ്ഥലത്തെത്തി. അവിടെ നിന്ന് ചായ കഴിച്ചു. മഹാരാഷ്ട്രയിലെ ചായ ഏറെ രുചികരമായിരുന്നു. രത്നഗിരിയിലെത്തിയപ്പോൾ അങ്ങിങ്ങായി വീടുകളൊക്കെ കണ്ടുതുടങ്ങി. 2.10 PM.ന് ബോംബെ പനവേൽ എന്ന സ്ഥലത്തെത്തി. വളരെ വലിയ ജംഗ്ഷനാണ് പനവേൽ. ബോംബെ മഹാനഗരത്തിന്റെ തെക്കുഭാഗത്തുനിന്നുള്ള കവാടമായിട്ടാണ് പനവേൽ കരുതപ്പെടുന്നത്. ട്രെയിനിൽ നിന്ന് സഭയുടെ ഭക്ഷണം കഴിച്ചു. 7.20ന് ചരിത്രപ്രസിദ്ധമയ സൂററ്റിൽ എത്തി. രാത്രി 10 മണിക്ക് ബറോഡയിലെത്തി. ബറോഡ മറാത്ത രാജവംശങ്ങളിലൊന്നായ ഗയ്ക്ക്വാദിന്റെ ആസ്ഥാനമായിരുന്നു. നേരം പുലർന്നു 5.00 AM.ന് രാജസ്ഥാനിലെ കോട്ട എന്ന സ്ഥലത്തെത്തി. കോട്ട വളരെ പൈതൃക പ്രസിദ്ധിയുള്ള സ്ഥമാണ്. കോട്ട കല്ലുകളും കോട്ടാസാരിയും പ്രസിദ്ധമാണ്. 1.50ന് ട്രെയിൻ മഥു



ഹരിദ്വാറിലെ ഗംഗാ നദി

രയിലെത്തി. ശ്രീകൃഷ്ണന്റെ ചരിത്രമുറങ്ങുന്ന നഗരം, ക്രൂരനായ കംസന്റെ പഴയ രാജധാനി – ഉത്തരമഥുര ഏറെ പുകൾപ്പെറ്റ നഗരമാണ്. അവിടെ ഇറങ്ങാനൊരു മോഹം തോന്നി. പക്ഷേ, യാത്രയുടെ ലക്ഷ്യം ഹരിദ്വാറിലേക്കാണല്ലോ. 11.30ന് ട്രെയിൻ ഹരിയാനയിൽ കൂടി ഓടിക്കൊണ്ടിരിക്കുകയാണ്. 12.30ന് നിസാമുദ്ദീൻ എന്ന സ്ഥലത്തെത്തി, ദില്ലി നഗരപ്രാന്തത്തിൽ സ്ഥിതിചെയ്യുന്ന റെയിൽവേ സ്റ്റേഷനാണ് നിസാമുദ്ദീൻ. 2.45ന് മീററ്റിൽ. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെട്ട സ്ഥലമാണ് മീററ്റ്. അതുകൊണ്ടുതന്നെ ചരിത്രപരമായി ഏറെ പ്രധാനവുമാണ്. പിന്നെ റായിപ്പൂർ. രാത്രി 8 മണിക്ക് ഹരിദ്വാർ റെയിൽവേ സ്റ്റേഷനിൽ എത്തി. ലക്ഷ്യത്തിലെത്തിയതിന്റെ ആനന്ദനിർവൃതിയോടെ എല്ലാവരും ട്രെയിനിൽനിന്നിറങ്ങി സ്റ്റേഷന് പുറത്ത് കടന്നു. അപ്പോഴേക്കും ആശ്രമത്തിലെ വണ്ടികൾ വന്നു. എല്ലാവരും വണ്ടിയിൽ കയറി. ആശ്രമത്തിലെത്തി. മുറികളിൽ കയറി കൈകാൽ മുഖം കഴുകി. ഭോജനശാലയിൽ പോയി ഭക്ഷണം കഴിച്ചു. രണ്ടു ദിവസത്തെ ട്രെയിൻ യാത്രകൊണ്ട് ശരീരത്തിന് നല്ല ക്ഷീണമുണ്ടായിരുന്നതിനാൽ രാത്രി 9 മണിക്ക് തന്നെ ഉറങ്ങി. ശാന്തമായ നിദ്രക്കു ശേഷം അഭൗമമായ ഹരിദ്വാറിലെ പ്രഭാതത്തിന് ഞങ്ങൾ നവോന്മേഷത്തോടെ സ്വാഗതമരുളുവാൻ തയ്യാറായി.

23–10–2016 ന് പുലർച്ചയ്ക്ക് എഴുന്നേറ്റു കുളിച്ചൊരുങ്ങിയ ശേഷം പുലർച്ചെ 4.30 ന് ഗായത്രി മണ്ഡപത്തിൽ യുഗഋഷി പണ്ഡിറ്റ് ശ്രീരാം ശർമ്മ ആചാര്യയുടെയും ഗായത്രി മാതാവിന്റേയും സമാധി മണ്ഡപത്തിൽ തൊഴുതു നമസ്കരിച്ചു. അത്യാഗാധമായ ആത്മീയ അനുഭൂതിയിലായിരുന്നു ഞങ്ങൾ. അത് കഴിഞ്ഞ് അഖണ്ഡജ്യോതി ദീപം തൊഴാൻ പോയി. താഴെ ഹാളിൽ പതിനഞ്ച് മിനുട്ട് ധ്യാന നിമഗ്നനായിരുന്നു. പിന്നെ മഹേശ്വരന്റെ തീർത്ഥധാരയിൽ പങ്കെടുത്തു. പിന്നീട് യജ്ഞഹാളിൽ നടക്കുന്ന ഹോമത്തിൽ പങ്കെടുത്തു. അതു കഴിഞ്ഞു സമാധി മണ്ഡപത്തിൽ തൊഴുതു വലം വെച്ചു. ഗായത്രി മാതാവിനോട് മനമുരുകി പ്രാർത്ഥിച്ചു. ആചാര്യന്റെയും മാതാവിന്റെയും പാദത്തിൽ നമസ്കരിച്ചു. തിരിച്ചുവന്നു. പ്രാഖ്യാ കഴിച്ചു. 8.30 AMന് പ്രഭാഷണ ക്ലാസ് തുടങ്ങി. അതിൽ സശ്രദ്ധം പങ്കെടുത്തു ഗായത്രി ജപം കഴിഞ്ഞു. വീണ്ടും വന്നു മാതാവിന്റെയും ഗുരുവിന്റെയും പാദത്തിൽ പൂക്കളർപ്പിച്ചു. തൊഴുതു. പ്രഭാഷണ ഹാളിൽ നിന്ന് പുറത്ത് കടന്നു മോര് കുടിച്ചു. പ്രകൃതിദത്തമായ മോരിന്റെ രുചി ആസ്വാദ്യകരമായിരുന്നു. കുറച്ച് സമയം കറങ്ങി നടന്നു. ഭോജനശാലയിൽ പോയി ഭക്ഷണം കഴിച്ചു. പച്ചയരിച്ചോറും സാമ്പാറും മധുരപലഹാരങ്ങളും തടിച്ച ചപ്പാത്തിയുമായിരുന്നു വിഭവങ്ങൾ. കുറെ ഉരുളക്കിഴങ്ങ് ചേർത്ത കറിയാണ് സാമ്പാർ. പന്ത്രണ്ട് മണിക്ക് മുറിയിൽ പോയി വിശ്രമിച്ചു. 12.30 PM ന് മീറ്റിംഗ് ഉണ്ടായിരുന്നു. അതിൽ പങ്കെടുത്തു. 2 PM ന് ഹാളിൽ ക്ലീനിംഗിൽ പങ്കെടുത്തു. 5.30 ന് ഗംഗാ ആരതി കാണാൻ പോയി. അതിമനോഹരമായ ദൃശ്യവിരുന്നായിരുന്നു അത്. എല്ലാവരും കൂടെ 7 മണിക്ക് മടങ്ങിയെത്തി. ഭോജനശാലയിൽ നിന്ന് രാത്രി ഭക്ഷണം കഴിച്ചു. രാത്രി 9 മണിക്ക് റൂമിൽ തിരിച്ചെത്തി. 25–10–2016 ന് കാലത്ത് 3 AMന് എഴുന്നേറ്റു കുളിച്ചൊരുങ്ങി ഗായത്രീ ദേവിയുടെ അമ്പലത്തിൽ പോയി തൊഴുതു ജപിച്ച് 7.30 ന് ബലിദർപ്പണം തുടങ്ങി. ഒന്നര മണിക്കൂർ ദീർഘിച്ച ബലിദർപ്പണമായിരുന്നു- പാർവ്വണശാർദ്ദം. സർവ്വചരാചരങ്ങൾക്കും ശാന്തി ലഭിക്കാനുള്ള ബലിയാണത്. പ്രപഞ്ചത്തിലെ എല്ലാ ചരാചരങ്ങളുടെയും പരസ്പര ബന്ധത്തെയും സന്തുലനത്തെയും ഓർമ്മിപ്പിക്കുന്ന ഭാരതീയ ജീവിതശൈലിയുടെ പ്രകടരൂപമാണ് പാർവ്വണശാർദ്ദം. 9 മണിക്ക് ഗംഗയിൽ കുളിച്ചു. തിരിച്ചുവന്ന് ഭോജനശാലയിൽ പോയി ഭക്ഷണം കഴിച്ചു. 12.30 ന് ഏതാനും സമയം വിശ്രമിച്ചു. പിന്നെ പ്രഭാഷണം കേൾക്കാൻ പോയി. പ്രഭാഷണം കഴിഞ്ഞപ്പോൾ മോര് കുടിച്ചു. പ്രകൃതിദത്തമായ പാനീയത്തിന്റെ ആസ്വാദ്യകത ഒന്നു വേറെത്തന്നെയാണ്. പിന്നെ വിശ്രമിക്കാൻ പോയി. 2.30 ന് വീണ്ടും പ്രഭാഷണവും ക്ലാസ്സും ഉണ്ടായിരുന്നു. അത് കഴിഞ്ഞ് പ്രാഖ്യ കഴിച്ചു. ചായക്ക് പകരം കഴിക്കുന്ന നല്ലൊരു പാനീയമാണത്. 6.30 ന് ഒരു സി.ഡി കണ്ടു. ക്ലാസ്സിന്റെ ഭാഗമായിരുന്നു. ഇവിടത്തെ മഠത്തിൽ ഹിമാലയവും, പൂജകളുമുണ്ട്. രാത്രി 8 മണിക്ക് റൂമിൽ തിരിച്ചെത്തി. 9 മണിക്ക് ഉറങ്ങി. 26–10–2016 ന് അതിരാവിലെ എഴുന്നേറ്റു കുളിച്ചൊരുങ്ങി. 4.30 ന് ഗായത്രീ ദേവിയുടെ ദീപാരാധനയ്ക്ക് പോയി. ഗായത്രി നൂറ്റെട്ട് ജപിച്ചു. 5.30ന് ദീക്ഷയെടുക്കുന്ന, ചടങ്ങുണ്ടായിരുന്നു. 7 മണിക്ക് ചായ കഴിച്ചു. പിന്നെ അഖണ്ഡ ദീപ ദർശനം, മുകളിൽ മാതാവിനെയും, ആചാര്യനെയും കണ്ട് വന്ദിച്ചു. പിന്നെ ഹോമത്തിൽ പങ്കെടുത്തു. അതിന് ശേഷം ക്ലാസ്സിൽ പോയി. ക്ലാസ്സ് കഴിഞ്ഞു വരുമ്പോൾ മോര് കുടിച്ചു. അതു കഴിഞ്ഞ് പ്രഭാത ഭക്ഷണം കഴിച്ചു. 11.30 AM ന് എല്ലാവരും അവിടെയുള്ള യൂനിവേഴ്സിറ്റി




ഋഷികേശിലെ ലക്ഷ്മണൻ ക്ഷേത്രം

കാണാൻ പോയി. അവിടെയുള്ള കോളേജ് കണ്ടു. ഗോശാലയിൽ പോയി. അവിടെയുണ്ടാക്കുന്ന ചന്ദനത്തിരി, സോപ്പ്, സാരി, ആയുർവ്വേദ മരുന്നുകൾ, സൗന്ദര്യ സംവർദ്ധക വസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ, ഭക്ഷണസാധനങ്ങളുമെല്ലാം ആവശ്യമുള്ളവരെല്ലാം വാങ്ങി. അവയെല്ലാം അവിടെ ഉൽപാദിപ്പിക്കുന്നതാണ്. നാല് മണിക്ക് തിരിച്ചെത്തി. ആറ് മണിക്ക് ക്ലാസ്സ് ഉണ്ടായിരുന്നു ഗായത്രി മന്ത്രത്തെപറ്റിയുള്ള ക്ലാസ്സ് ആയിരുന്നു. 27–10–2016 ന് രാവിലെ 3 മണിക്കെഴുന്നേറ്റു കുളിച്ചൊരുങ്ങി. 4.30ന് ഗായത്രീ ദീപാരാധനയ്ക്ക് പോയി. അത് കഴിഞ്ഞ് ജപത്തിന് പോയി ചുറ്റിനടന്ന് പ്രാർത്ഥിച്ചു. 5.30ന് യോഗാ ക്ലാസ് തുടർന്നു. 7.30 വരെ ക്ലാസ്സ് ഉണ്ടായിരുന്നു. പിന്നെ ഹോമത്തിൽ പങ്കെടുത്തു. ഭാരത മാതാ മന്ദിരത്തിൽ പോയി. അതൊരു മാർബിൾ കൊട്ടാരമായിരുന്നു. ആറ് നിലകളുള്ള കൂറ്റൻ



**ഹരിദ്വാറിൽ 100 അടി ഉയരമുള്ള മഹേശ്വര പ്രതിമ**



**ഹരിദ്വാറിലെ ഗായത്രി പരിവാർ**





**"ബ്രഹ്മവർച്ചസ്സ് "എന്ന ആയുർവ്വേദ ഗവേഷണ കേന്ദ്രം ഋഷികേശ്.**

ബിൽഡിംഗ്. ദേവൻമാർ മുതൽ സ്വാതന്ത്ര്യം നേടിത്തന്ന മഹദ്‌വ്യക്തികൾ. പിന്നെ പല സ്ഥലങ്ങളിൽ നിന്നും ഒരു മാസത്തെ ക്ലാസിന് വരുന്നവരെ റിസർച്ച് ചെയ്യുന്ന സ്ഥലം കാണാൻ പോയി. അവിടെ നമ്മുടെ ശരീരത്തിന്റെ എല്ലാ ചെക്കപ്പും ചെയ്യും. മടങ്ങിവന്നു ഭോജനശാലയിൽ പോയി ഭക്ഷണം കഴിച്ചു.

28–10–2016 ന് അതിരാവിലെ എഴുന്നേറ്റ് കുളിച്ചൊരുങ്ങി 4.30 ന് ഗായത്രി ദീപാരാധനയ്ക്ക് പോയി. പിന്നെ ധ്യാനത്തിൽ പങ്കെടുത്തു. ഹിമാലയത്തിൽ പോയിരുന്നു ജപിച്ചു. പിന്നെ ഹോമത്തിൽ പങ്കെടുത്തു. അഖണ്ഡജ്യോതി ദർശനത്തിന് പോയി. മഹേശ്വരന് ധാര ചെയ്തു നന്ദിക്കും. അഞ്ച് മണിക്ക് യോഗ ഉണ്ടായിരുന്നു. പിന്നെ ക്ലാസ്സും . മഹർഷിമാരെപ്പറ്റിയുള്ള ക്ലാസായിരുന്നു. പിന്നെ ഷോപ്പിംഗിന് പോയി. തിരിച്ച് വന്ന് രണ്ട് മണിക്ക് യോഗയെപറ്റിയുള്ള ക്ലാസ് ആയിരുന്നു. 6.30 PM ന് ഭക്ഷണം കഴിച്ചു ശേഷം ദീപയജ്ഞം കാണാൻ പോയി. എട്ട് മണിക്ക് വന്ന് കൈകാൽ മുഖം കഴുകി ഉറങ്ങാൻ പോയി. 29102016 മൂന്ന് മണിക്കെഴുന്നേറ്റ് കുളിച്ചൊരുങ്ങി. 4 മണിക്ക് ദീപാരാധനയ്ക്ക് പോയി. ഹിമാലയത്തിൽ പോയി. പിന്നെ ജപത്തിന് പോയി. ശിവന് ധാര ചെയ്തു. നന്ദിക്കും ധാര ചെയ്തു. ഗായത്രി ദേവിയെ തൊഴുതു. 5.30 ന് പൂർണയജ്ഞം ചെയ്തു. അതു കഴിഞ്ഞ് ചായ കഴിച്ചു. ഒൻപത് മണിക്ക് ഗായത്രി ദേവിയെപ്പറ്റി ക്ലാസ് ഉണ്ടായിരുന്നു. 11.30 ന് ഉച്ചഭക്ഷണം കഴിച്ചു. 12 മണിക്ക് ചണ്ഡികാദേവിയുടെയും, ആനന്ദമയി ദേവിയുടെയും, യക്ഷയാഗം ചെയ്ത സ്ഥലത്തും മാനസദേവിയുടെ അമ്പലങ്ങളിലും റോപ്പ്‌വെ വഴി പോയി. 6 മണിക്ക് തിരിച്ചെത്തി. 6.30 ന് രാത്രി ഭക്ഷണം കഴിച്ചു മുറിയിൽ വന്ന് ഉറങ്ങി.

30–10–2016 ന് പുലർച്ച മൂന്ന് മണിക്കെഴുന്നേറ്റ് കുളി കഴിഞ്ഞു. 4.30 ന് ഗായത്രിദേവിയെ തൊഴുതു. 5.30 ന് ഗംഗയിൽ ബലിയിട്ടു. കുളിച്ചു വന്നു. ചായ കഴിച്ചു. 8 മണിക്ക് ഋഷികേശേ യാത്ര (ഉത്തരാഖണ്ഡ്. 10 മണിക്ക് പുറപ്പെട്ട് ഉത്തരാഖണ്ഡിന്റെ തലസ്ഥാനം ഡറാഡൂൺ വരെ പോയി. അപ്പോഴേക്കും ബസ് കേടായി. പിന്നെ നീലകണ്ഡ എന്ന പ്രകൃതി രമണീയമായ സ്ഥലത്ത് പോയി. കുന്നിൻമുകളിലൂടെ– ഗംഗ നദിക്കരയിലൂടെ കുറെ സമയം പോയി. നേരം വൈകിയതിനാൽ തിരിച്ച്

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ് ബുക്ക്സ് & സ്റ്റേഷനറി*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

*കോളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

*അസീസ് സ്റ്റേഷനറി*
കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,

*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)

*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)

*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)

*അബുബക്കർ സ്റ്റേഷനറി*
(പൂക്കാട്)
കോഴിക്കോട്

*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)

*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)

*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)

*വാസു സ്റ്റേഷനറി* (മാങ്കാവ്)

*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)

*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)

*പ്രമീള സ്റ്റോർ* (കോന്തനാരി)

*കേരളാ സ്റ്റോർ,* 6-ാം മൈൽ, (വെള്ളിപറമ്പ്)

*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)

*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)

*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)

*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)

*സുരഭി സ്റ്റേഷനറി* *(ഒളവണ്ണ ബസാർ)*

*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)

*രാമദാസ് സ്റ്റോർ,* കല്ലായി റോഡ്,
(നിയർകല്ലിക്കോട്ടെ ഫ്രണ്ട്സ്, (കോഴിക്കോട്)

*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)


*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)

*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ:
04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)

*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)

*ബേബി സ്റ്റേഷനറി* (കാരന്തൂർ)

IDE @ STORE പറമ്പിൽബസാർ, കോഴിക്കോട്
Phone: 9495979790, 9497209610



ഋഷികേശ് ലക്ക്ഷ്മണൻ ജ്ജുല്ലയിലേക്കു ഗംഗാ നദിക്കു കുറുകെയുള്ള പാലം.

ഋഷികേശിലെത്തി. ലക്ഷ്മൺ ജ്ജുല്ലയിലും, ശ്രീരാമ ജ്ജുല്ല യിലും പോയി. ശ്രീരാമനും ലക്ഷ്മണനും തപസ്സ് ചെയ്ത സ്ഥലമാണത്രെ ഋഷികേശ്. ഇവിടെ ഗംഗാനദി ശബ്ദമില്ലാതെ യാണ് ഒഴുകുന്നത്. ശ്രീരാമന്റെയും, ലക്ഷ്മണന്റേയും അമ്പലങ്ങളിലേക്ക് തൂക്കുപാലം വഴിയാണ് യാത്ര 4.51ന് തിരിച്ച് റൂമിലെത്തി. സാധനങ്ങൾ പായ്ക്ക് ചെയ്തു. ഉറക്കം വരാതെ ഉറങ്ങാൻ കിടന്നു. പുലർച്ച രണ്ട്മണിക്കു തന്നെ കുളിച്ചൊരുങ്ങി. പതിവ്പോലെ ദീപാരാധനയ്ക്ക് പോയി. ജപത്തിന് പോയി. മഹേശ്വരന് ധാര ചെയ്തു. നന്ദിയെ തൊട്ടുതലോടി. ചെവിയിൽ സ്വകാര്യം പറഞ്ഞു. ഗായത്രി ദേവിയെ തൊഴുതു. പുറത്തിറങ്ങി. അപ്പോഴേക്കും ആശ്രമത്തിന്റെ വണ്ടികൾ വന്നു. വണ്ടിയിൽ കയറി. റെയിൽവേ സ്റ്റേഷനിലിറങ്ങി. എല്ലാവരും ട്രെയിനിൽ കയറി മടക്കയാത്ര ആരംഭിച്ചു.

ദിവ്യചിന്തകൾ വളർത്തുന്ന പുണ്യഭൂവായ ഹരിദ്വാറിലെ ശാന്തി കുഞ്ജ് – പണ്ഡിറ്റ് ശ്രീരാം ശർമ്മ ആചാര്യനാൽ സ്ഥാപിക്കപ്പെട്ട ശാന്തി കുഞ്ജ് എന്ന പുണ്യ ആശ്രമം. ഹരിദ്വാർ– ഋഷികേശ് മാർഗ്ഗത്തിൽ,(ഹരിദ്വാർ റെയിൽവെ സ്റ്റേഷനിൽ നിന്ന് ആറ് കിലോമീറ്റർ ദൂരത്ത് സപ്ത സരോവർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ഹിമാലയത്തിന്റെ നിഴലിൽ പുണ്യനദിയായ ഗംഗയുടെ തീരത്ത് വിശ്വാമിത്ര മഹർഷി തപസ്സ് ചെയ്ത പുണ്യസ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ ആശ്രമം മനുഷ്യരെ ദേവൻമാരാക്കി വളർത്തിയെടുക്കുന്ന പുണ്യതീർത്ഥമാണ്. 1926ാം മാണ്ട്– പരമപൂജ്യ ഗുരുദേവനാൽ കൊളുത്തപ്പെട്ട് അഖണ്ഡ ദീപം ഇന്നും ജ്വലിച്ചുകൊണ്ടിരിക്കുന്നു. ഇരുപത്തിനാല് മണിക്കൂറും ഇവിടെ ഗായത്രി ജപിക്കുന്നു.

ഇവിടെയുള്ള ഒമ്പത് ഹോമകുണ്ഡങ്ങളോട് കൂടിയ യജ്ഞശാലയിൽ ദിവസവും ഗായത്രി യജ്ഞം നടത്തുന്നു. ജാതിഭേദമില്ല, പുരുഷ–സ്ത്രീ ഭേദമില്ലാതെ ആർക്കും ഗായത്രി യജ്ഞം നടത്താവുന്നതാണ്. സമ്പൂർണ്ണ സമത്വം നിലനിൽക്കുന്നു. ഇവിടെ 5,9 ദിവസം ഒരു മാസം ഇങ്ങനെയുള്ള വ്യത്യസ്ത കാലയളവുകളിൽ, സാധനാ ക്ലാസുകൽ നടത്തുന്നു. ഈ ക്ലവാസുകളിൽ പഠിക്കുന്നതിന് ഫീസ് കൊടുക്കേണ്ടതില്ല. താമസിക്കാനുള്ള സൗകര്യവും രണ്ട് നേരത്തെ സാത്വിക ഭോജനവും സൗജന്യമാണ്. ജീവിതത്തിലെ മുഖ്യ സംസ്കാരങ്ങളായ അന്നപ്രാശം, വിദ്യാരംഭം, ഉപനയനം, വിവാഹം, വാനപ്രസ്ഥം, ശ്രാദ്ധം, തർപ്പണം എന്നിവ സൗജന്യമായി ചെയ്തു കൊടുക്കുന്നു. ഇതിന്റെയെല്ലാം അർത്ഥവും മാഹാത്മ്യവും ഇതിൽ പങ്കെടുക്കുന്നവർക്ക് വിവരിച്ച് കൊടുക്കും. ഇവിടെ മുന്നൂറിൽപരം ഒഷധങ്ങൾ ഉണ്ടാക്കുന്നു. അവയെക്കുറിച്ച് ഗവേഷണം നടക്കുന്നു. മരുന്നുകളും, ചൂർണ്ണങ്ങളും കഷായങ്ങളും ചുരുങ്ങിയ വിലയ്ക്ക് വിൽക്കുന്നു.ഇവിടെയുള്ള ബ്രഹ്മാ വർച്ചസ്സ് എന്ന ഗവേഷണ കേന്ദ്രം ആധുനികമായ ഭൗതീക രസതന്ത്ര വൈദ്യ ശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിലും ഇലക്ട്രോണിക് സജ്ജീകരണളുപയോഗിച്ചും, യോഗം, തപം, ജപം, യജ്ഞം തുടങ്ങിയവ മനുഷ്യ മനസ്സിനെയും ശരീരത്തെയും എങ്ങിനെയെല്ലാം ബാധിക്കുന്നു എന്നതിനെക്കുറിച്ച് ഗവേഷണം നടത്തുന്നു.

പരമപൂജ്യ വേദപണ്ഡിതനായ ആചാര്യൻ എല്ലാ വേദനിഷപത്തുക്കൾക്കും ലളിതമായ വ്യഖ്യാനം എഴുതിയിട്ടുണ്ട്. ഗായത്രി സാധന, ജീവിത തത്ത്വങ്ങൾ, ജീവിക്കേണ്ട രീതി എന്നിങ്ങനെ മൂവായിരത്തിൽപരം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അഖണ്ഡജ്യോതി മാസിക എല്ലാ ഭാഷകളിലും പ്രസിദ്ധീകരിക്കുന്നു. ഇവിടെ നിന്ന് വർഷംപ്രതി നൂറ് കണക്കിന് ശിഷ്യസൈന്യങ്ങൾ ഗ്രാമം തോറും സന്ദർശിച്ച് ഗായത്രിയുടെ ഉപാസനകൊണ്ട് ഉണ്ടാകുന്ന ഫലങ്ങളെയും ഉപാസന വിധികളെയും വ്യാഖ്യാനിച്ചുകൊടുക്കുകയും ജാതി–മത–ലിംഗ ഭേദമില്ലാതെ സ്ത്രീധനം, സ്ത്രീകളെ അപമാനിക്കുക, തുടങ്ങിയ സാമൂഹ്യ ദുഷ്കൃത്യങ്ങളെ അകറ്റാൻ വേണ്ടി ശ്രമിക്കുകയും ചെയ്തുവരുന്നു. ഈ സ്ഥാപനം ലോകമൊട്ടാകെ മൂവായിരത്തിൽപരം ഗായത്രി ശക്തിപീഠങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആ സ്ഥലങ്ങളിലുള്ള ഓരോ വീട്ടിലും ഗായത്രിയജ്ഞം നടത്താനുള്ള സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നു. ജനങ്ങളെ ഭാരതീയ സംസ്കാരത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നു. ഭാരത്തിലും വിദേശത്തുമുള്ള ലക്ഷോപലക്ഷം ജനങ്ങൾ ഇതിൽ പങ്കാളികളാണ്. എല്ലാ നിലക്കും മാനസിക ഉന്മേഷം പ്രദാനം ചെയ്ത് ആത്മീയ ചൈതന്യമുണർത്താൻ കഴിഞ്ഞ ഈ യാത്ര ജീവിതത്തിന്റെ സാഫല്യമായിരുന്നു. പുണ്യപുരാതനമായ ഹരിദ്വാർ ഇനിയും സന്ദർശിക്കാൻ ഒരു ഉൾവിളി ഈ യാത്രാനുഭവങ്ങൾ നൽകുന്നു. ■

**DINESH K.T.**

**Ph: 0495 2702176**
**Mob: 9946309061**
**9387425579**

**നീലഗിരി പൂജാസ്റ്റോർ**

**എ.വി.എസ്. പൂജാസ്റ്റോർ**

**തളി റോഡ്, പാളയം, കോഴിക്കോട് - 673002**

എല്ലാവിധ പൂജാസാധനങ്ങളും ഇവിടെ ലഭിക്കുന്നതാണ്.

**ജയകൃഷ്ണ ജ്യോതിഷാലയം**

പറമ്പിൽ ബസാർ, കോഴിക്കോട്

ഫോൺ: 9744466002

ജ്യോതിഷ പഠനത്തിനും കവടിപ്രശ്ന പഠനത്തിനും

**ജ്യോത്സ്യൻ ജയപ്രകാശ്**





ജ്യോതിഷ പഠനവും കവടി പ്രശ്ന പഠനവും
പുതിയ ബാച്ച് വൃശ്ചികം 6 ഞായറാഴ്ച
മുതൽ ആരംഭിക്കുന്നു.



**Yes Key Electricals & Engineering Works**

**Puthiyapalam, Calicut**

Repair of: Motor Rewinding,
Welding Set, Step-Up, Battery Charges,
Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ
ഇലക്ട്രിക്ക് ഉപകരണങ്ങളും
റിപ്പയർ ചെയ്തുകൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ
വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob: 9847390950
Ph: 8921569540, Resi: 9048594525

**HASBI**

**TOURS & TRAVELS**



**Meenchanda**
**Areekad**
**Calicut-27**

**Mob: SAHIR**
**9895 999 100**
**9349 666 100**



ആശംസകളോടെ...




**ആത്മപ്രഭാലയ**




ബനാന ചിപ്സ് സെന്റർ

കളിപ്പൊയ്ക, പി.ഒ. കോട്ടൂളി, കോഴിക്കോട്-16
ഫോൺ: 9744960052











# മാധവൻ കുന്നത്തറ

## അഭിനയ തനിമയാർന്ന നാടക നടൻ

നടനും നാടകരചയിതാവും സംവിധായകനും സാംസ്ക്കാരിക, രാഷ്ട്രീയ പ്രവർത്തകനുമായ മാധവൻ കുന്നത്തറ അന്തരിച്ചു. 84 വയസ്സായിരുന്നു. ശനിയാഴ്ച മേയ് 7 ന് ശനിയാഴ്ച അർദ്ധരാത്രിയോടെയായിരുന്നു അന്ത്യം. പരേതനായ കൃഷ്ണൻ നായരുടേയും മാളു അമ്മയുടേയും മകനാണ്. മൃതദേഹം കോഴിക്കോട് ടൗൺഹാളിൽ പൊതുദർശനത്തിനു വച്ചശേഷം വെസ്റ്റ്ഹിൽ സ്മശാനത്തിൽ സംസ്ക്കരിച്ചു. ആറരപതിറ്റാണ്ടോളം നാടകരംഗത്ത് സജീവമായിരുന്നു. 1947 ൽ ആദ്യമായി അരങ്ങിലെത്തി. തുടക്കകാലത്ത് സ്ത്രീവേഷങ്ങളായിരുന്നു കൂടുതലും അവതരിപ്പിച്ചത്. 1959 ൽ "സംസാരിക്കുന്ന പരസ്യങ്ങൾ" എന്ന നാടകം എഴുതി അവതിപ്പിച്ചു.



സി.പി.എം. കക്കോടി ഏരിയാ കമ്മറ്റി അംഗം, കാക്കൂർ ലോക്കൽ സെക്രട്ടറി എന്നി നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഉറൂബ്, പി.ഭാസ്ക്കരൻ, തിക്കോടിയൻ തുടങ്ങിയവരുടെ ശിക്ഷണത്തിൽ റേഡിയോ നാടകങ്ങളിൽ പങ്കെടുത്ത് ആകാശവാണിയിൽ സജീവമായി. റിക്ഷാക്കാരൻ, കെടാവിളക്ക്, കറങ്ങുന്ന ദുനിയാവ്, പോർച്ചട്ട, ഹലാക്കിന്റെ അവിലും കഞ്ഞിം എന്നിവ എഴുതി സംവിധാനം ചെയ്തിരുന്നു. കോഴിക്കോട് കലിംഗാ തിയേറ്റേഴ്സിലൂടെ കെ.ടി. മുഹമ്മദിന്റെ നാടകങ്ങളിൽ അഭിനയിച്ചു. "മാസ് കോഴിക്കോട്" എന്ന പേരിൽ സ്വന്തം നാടക സമിതി നടത്തി. 2018 ൽ കേരള സംഗീത നാടക അക്കാദമിയുടെ ഗുരു പൂജ അവാർഡ് ലഭിച്ചിട്ടുണ്ട്.

ഭാര്യ: നാടക നടി രത്നമ്മ മാധവൻ

മക്കൾ: ലെനിൻ, റോമി, റിമ

കവിത

# നിമിഷം

ബിനി കിഴിശ്ശേരി





ഒരു വിഷുപക്ഷി തൻ
ഗാനം കേട്ടു ഞാൻ
നിൻ ഓർമയിൽ
ഞാൻ നീറുന്നു....
എങ്ങോ മാഞ്ഞുപോയ
നിൻ സ്മിതം വീണ്ടും
എന്നിൽ ഉദിക്കുന്നു
ഒരു വിഷുപക്ഷി തൻ
ഗാനം കേട്ടു ഞാൻ
നിൻ ഓർമയിൽ
ഞാൻ നീറുന്നു...
ഒരു കുളിർതെന്നലായ്
വീണ്ടും....
എന്നിൽ നീ
സുഗന്ധം പരത്തുമെങ്കിൽ,
മാമ്പു കണ്ട് കൊതിക്കും
കുയിലുപോൽ...
നിൻ സ്വരം കേൾക്കാൻ
കാതോർത്തു..
നിൻ സ്വരം കേൾക്കാൻ
കാതോർത്തു
പാരിജാതച്ചോട്ടിൽ
വെച്ചെൻ കാതിൽ
ചൊല്ലിതെല്ലാം...

സ്വപ്നങ്ങൾ തൻ
നിറച്ചാർത്തിൽ
എന്നെ നീ ആറാടിച്ചതും
ഇന്നെൻ മനതാരിൽ
ഒരായിരം പുഷ്പാഭിഷേകം
പോൽ, വിളങ്ങിടുന്നു
വർഷങ്ങൾ, കൊഴിഞ്ഞതറിയാതെ
സ്വപ്നങ്ങൾ നെയ്തെടുത്തു... നമ്മൾ
സ്വപ്നങ്ങൾ നെയ്തെടുത്തു
നിൻ നിറമിഴികളും
ഗദ്ഗദം പൂണ്ടടമൊഴിയും..
വിറയാർന്ന നിൻ ചുണ്ടും
ഓർമയിൽ വീണ്ടും
ഒരു തേങ്ങലായ്, എന്നിൽ
അലയടിച്ചുയരുന്നു..,
ഒരു വിഷുക്കൈനീട്ടമായ്...
നീ, എൻ മുന്നിൽ വീണ്ടും
അവതരിച്ചെങ്കിൽ,
മനതാരിൽ ഒരായിരം
സ്വപ്നം കണ്ടെൻ,
മനസ്സൊരു സ്വർഗ്ഗമായ്,
തീരുമല്ലോ...,
മനസ്സൊരു സ്വർഗ്ഗമായ്,
തീരുമല്ലോ.


ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും




**കൊടാപ്പള്ളി ആയുർവ്വേദ ഫാർമസി**





**Agency : KACOPS, KOTTOOLI**



**Mob : 9747868041, 9995386888**



**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**

പ്രമുഖ ആയുർവേദ കമ്പനികളുടെ മരുന്നുകളും – തറിമരുന്നുകളും
പ്രസവാനന്തര ഔഷധങ്ങളും ഇവിടെ ലഭ്യമാണ്

ഓം നഃമശിവായ

# ആത്മപ്രഭാലയ ജപ ധ്യാന പരിശിലന സമിതി

## ഗുരുവാക്യങ്ങൾ

അറിവുള്ള വ്യക്തികളെ ഉപദേശിക്കേണ്ട തായ ആവശ്യമില്ല!
താല്പര്യമില്ലാത്തവരെ ഉപദേശിച്ചാലും കാര്യ മില്ല!
അറിയാൻ താല്പര്യമുള്ളവർ അന്വേഷണ ത്തിലൂടെ സത്യം തിരിച്ചറിയും!
ഈ ലോകം മുഴുവൻ എന്തു സംഭവിക്കുന്നു! സ്വാർത്ഥതയും, വ്യാമോഹവും, അക്രമവും, നിറഞ്ഞുനിൽക്കുകയും സത്യവും, ധർമ്മ വും, നീതിബോധവുമെന്തെന്ന തിരിച്ചറിയാൻ കഴിയാത്ത വിധം അധർമ്മത്തിനു കീഴടങ്ങി യുമിരിക്കുന്നു.

മഹാഭാരതം എന്നു പറയുവാൻ കാരണം! ലോകത്തുള്ള സകല മനുഷ്യരുടേയും ശാന്തി യും, സമാധാനവും, സ്വതന്ത്രമായി ജീവിക്കു വാനുള്ള സാഹചര്യവും തന്നെയാണതിനാ ധാരം. മഹാഭാരതം ഭക്തിയാണ്. ജ്ഞാനമു ള്ളവരെ ഭക്തിയും, അമാനുഷം ഉൾകൊ ള്ളുന്ന ഈശ്വരനിൽ തപം ചെയ്യലും സംര ക്ഷിക്കും. അതിന് വിഘാതം സൃഷ്ടിക്കുന്ന സ്വഭാവത്തിലുള്ളവർ രാക്ഷസർ അല്ലെങ്കിൽ രാവണൻ. മനുഷ്യ സ്വഭാവം രാമന്റേതാകണം എന്നാണ് മഹാഭാരതം നമ്മോട് പറയുന്നത്. രാമനെ തിരിച്ചറിയുവാനുള്ള മാർഗ്ഗമാണ് തപ സ്സ്. തപസ്സ് എന്നാൽ വീടുവിട്ടെറങ്ങലല്ല. സമൂ ഹത്തിൽ ജീവിച്ച് സമൂഹത്തിലെ ജനങ്ങളുടെ സ്വഭാവത്തെ മനസ്സിലാക്കി മനസ്സ് രാമനനു കൂലമാക്കി ശ്രേഷ്ഠ സ്വഭാവത്തെയും നന്മയേ യും, തിന്മയേയും തിരിച്ചറിഞ്ഞ് ഒരു മാർഗ്ഗ ദർശിയായി ജീവിതത്തെ മാറ്റി എടുക്കുക യാണ് ലക്ഷ്യം.

തപസ്സ്, ഭക്തിയും പ്രാർത്ഥനയും, നാമജ പവും, ധ്യാനവും, സൽസംഗമവും, കീർത്ത നങ്ങളും സംയോജിപ്പിച്ചുള്ള ഒരു മാർഗ്ഗമാ ണ്.

പണ്ടു കാലങ്ങളിൽ ഭാരതത്തിലെ നാട്ടു രാജ്യങ്ങളെ വെട്ടിപ്പിടിച്ചവരിൽനിന്നും സ്വത ന്തമാക്കുന്നതിന്റെ മുൻകാല അനുഭവങ്ങളും രാജ്യത്തെ സ്വതന്ത്രമാക്കുവാൻ അന്നുണ്ടാ യിരുന്ന ഗുരുദേവൻമാരുടേയും നേതാക്കന്മാ രുടേയും അനുഭവങ്ങളുമാണ് അവർക്ക് സ്വാതന്ത്യത്തെക്കുറിച്ച് ചിന്തിപ്പിക്കുവാൻ കാരണമായത്.

പക്ഷേ രാജ്യം സ്വതന്തമാക്കിയതിനു ശേഷം എന്തു സംഭവിച്ചു!

സത്യവും ധർമ്മവും നീതിബോധവുമി ല്ലാത്ത ഒരു വിഭാഗം ഭരണം ഏറ്റെടുക്കു കയും സത്യവും ധർമ്മവും നീതിബോധവു മുള്ളവരെ അടിച്ചമർത്തുകയും ചെയ്തു. പിന്നട് അവരുടെ സ്വാർത്ഥതയും, വ്യാമോ ഹവും, അനീതിയും വർദ്ധിക്കുകയും, ഇതി നെല്ലാം മറപിടിക്കുന്നതിനു ജനപ്പെരുപ്പത്തെ കാരണമായി മുൻനിർത്തുകയുമായിരുന്നു. സ്വാതന്ത്യത്തിനു മുമ്പ് എത്ര ജനങ്ങൾ ഉണ്ടാ യിരുന്നു. അവർ എങ്ങിനെയാണ് ജീവിച്ചത്. സ്വാതന്ത്യത്തിനു ശേഷമാണ് ജനങ്ങൾ പെരുകിയതെങ്കിൽ അതിനു മുമ്പ് ജന സംഖ്യ കുറയുവാനുള്ള കാരണമെന്താ യിരിക്കും?



പ്രണാമങ്ങളോടെ...
എം. മോഹൻദാസ്, സൂക്തനിലയം
അരീക്കോട്ട് പറമ്പ്, പി.ഒ. കോട്ടൂളി
കോഴിക്കോട്, ഫോൺ: 9744960052

ഗുരുദേവ സ്മൃതിയിൽ സഹകരിക്കുവാനും സംഘടിക്കുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക

# സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർഷണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**








ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

# സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി.എം. സുന്ദരൻ 9388412430**



BAJAJ FINSERV

**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം




**സോഫസെറ്റ് - 14500 രൂപ മുതൽ**
**കട്ടിൽ & ബെഡ് - 16000 രൂപ മുതൽ**
**ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ**
**ഡൈനിംഗ് ടേബിൾ &**
**6 Nos ചെയർ (Wooden) 21900 രൂപ മുതൽ**




# ശാരദ
# ഇൻഡസ്ട്രിയൽസ്



കാളൂർറോഡ്, മാങ്കാവ്, കോഴിക്കോട് 673 007






**Mob: 9846412070**




**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**

**സ്വാമിയേ ശരണമയ്യപ്പ (ഓം) അമ്മേ നാരായണ**

ചാത്തൻകാവ് അമ്പലപ്പടി

# ശ്രീ ധർമ്മശാസ്താ-ഭദ്രകാളി ക്ഷേത്രം

പി.ഒ. കുന്ദമംഗലം 673571, രജി.നമ്പർ 250/1988

# പ്രതിഷ്ഠാ നവീകരണ ബ്രഹ്മകലശ മഹോത്സവം







2022 മേയ് 6, 7, 8 ദിവസങ്ങളിൽ ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ തെക്കിനിയേടത്ത് തരണനല്ലൂർ പത്മനാഭനുണ്ണി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ അതിഗംഭീര ചടങ്ങുകളോടെ ആഘോഷിച്ചു.




കവിത

# നാവും ചെവിയും



പ്രഭാകരൻ നറുകര

**നാ**വു പിഴുതെടു
ക്കുന്ന കാലത്ത്
ദേഹമാകെ
നാവു വളരണം?
പൂവിളിയായ്
നടക്കുന്ന യാമം
ഭൂവിലാകാശ
പൂക്കളാകുന്നു
എന്തു ചെയ്വൂ നാം
നാവടക്കണോ?
എന്തു ചെയ്വൂ നാം
കാതു പൊത്തണോ?



പൊന്തും നാളം
തിളക്കുമഗ്നിയായ്
അന്തരംഗം
കരിഞ്ഞു വീഴുന്നോ?
നഗ്നസത്യം
വികസിച്ചിരിക്കും
ഭക്തിപൂണ്ടു
വഴിയേനടക്കും
എത്രകാലമീ
വാത്മീകമുള്ളിൽ
തപ്തധ്യാനം
ചെയ്യും മഹർഷിയായ്...

## Ammu Distributors

Joudha Building, 5/2697, Rajeev Nagar Colony
Near Swimming Pool, Calicut - 673 004
Suresh Babu M. (Managing Partner) 9447722358
9446582358, 9495922358, Off : 0495-3550084
E-mail: ammudistributors01@gmail.com
Authorised OF: BALCO



PVC Pipes, Conduits & Solvent Cement
From AN ISO 9001 : 2015 Company

India's No - 1

## AKSHAYA WATER PROOFING

29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com



ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

## ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം



കൊളത്തായ് കോംപ്ലക്സ്,
പാലാഴി പാല, കോഴിക്കോട്
ഫോൺ: 9061434339, 8137860600

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ, സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ.
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്

## ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്



മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



ഫോൺ : മണി 9846386998

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്, എഞ്ചിനിയറിംഗ് വർക്സ്

## GLAMOUR GENTS WEAR



**Whole Sale & Retail**

**Mankave,**
**Calicut - 7**

**Mob: 9847756569, 8891901404**



**Pants, Jeans, Shirt, T. Shirts etc...**

വിജയകരമായ അഞ്ചാം വർഷത്തിലേക്ക്

## GLASS POINT



K.K. BUILDING, ERANHIKKAL, CALICUT



Hardware - Glass - Plywood
Glass Eatching
Design Door etc..



**Phone: Shop 7356031288**
**Mob: 9847781235**







**ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടന്ന സംസ്ഥാന ബെഞ്ച്പ്രസ് മത്സരത്തിൽ സ്ട്രോംഗ് മാൻ ഓഫ് കേരളയായി തിരഞ്ഞെടുക്കപ്പെട്ട കൃഷ്ണകുമാർ, സ്വർണ്ണമെഡൽ നേടിയ മാത്യൂ ടി.ജെ., ബാബുജി, ഗണേശൻ, സബ്ജൂനിയർ വിഭാഗത്തിൽ ബ്രോൺസ് മെഡൽ നേടിയ നിദ എന്നിവർക്ക് കാലിക്കറ്റ് ബാർബൽ ക്ലബ്ബിന്റെ അഭിനന്ദനങ്ങൾ.**

ESTD 1970

LEARNING DRIVER

# CHELAVOOR MOTOR





**DRIVING INSTITUTE**

**(Govt. Approved)**

**CHELAVOOR ARCADE, CHELAVOOR, KOZHIKODE - 1**

**Ph: 0495 2730072, E-Mail: chelavoormdi@gmail.com**

**Mob: MAQSOOD C : 9447730072, 9526334548, 9495930072**



# Crayon

## Commercial Arts

Sreekrishna Building

Below C.H. Flyover Bridge, Calicut-01

Ph: 9447385478





**ARYAA.**




**കേരള ആരോഗ്യ സർവ്വകലാശാലയുടെ**
**Msc-MLT(MicroBiology) പരീക്ഷയിൽ**
**ഒന്നാം റാങ്ക് നേടിയ ആര്യ A**
**കൊമ്മേരി A. രാധാകൃഷ്ണൻ - N. ഗിരിജ**
**എന്നിവരുടെ മകളാണ്.**

ഞങ്ങൾ 14-ാം വർഷത്തിലേക്ക്

NAKSHATHRA RAJYAM SINCE 2008 OCTOBER

# നക്ഷത്രരാജ്യം നാൾ വഴികൾ







ഫോൺ : 9847649567, 9744233997

മാനേജിംഗ് എഡിറ്റർ

നക്ഷത്രരാജ്യം ത്രൈമാസിക

P.B : No. 1205, Mankave P.O., Kozhikode - 7





Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri P.O, P.B. No. 1205, Mankave Post Office, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.



GLAZE
INTERIORS
West Mathra, Kozhikode -14
8281 87 16 41
Toughened, Glass Partition, Door work, Staircase,
Glass shower work, Pergola glass work, ACP Work




PALAZHI - TRADERS
PET'S FOOD & ACCESSORIES
GENERAL MERCHANT
Wholesale & Retail
Kozhikode Palazhi-Pala
Mob: 9946 366 168, 8075 844 262, 9447 468 641
എല്ലാവിധ Pet's Foods ഉം ലഭ്യമാണ്
Horse Food Available




BROTHERS WOOD INDUSTRIES
Near Kunnappally Sree Bhagavathi Kshethram
Puthukuttangara - Parammal Road, Kozhikode
Mob: Sunil Kumar - 9447 63 74 51
എല്ലാവിധ മരപ്പണികൾക്കും സമീപിക്കുക
വീട് പണിക്കാവശ്യമായ കട്ടില, ജനൽ, ഡോർ,
ഫർണിച്ചർ കൃത്യസമയത്ത് ചെയ്തു കൊടുക്കുന്നു
പ്ലെയിനിങ് , ജിക്സോ കട്ടിങ്, സ്പിൻഡൽ വർക്ക് കട്ടില, ജനവാതിൽ, ഡോർ എന്നിവ നിർമ്മിക്കുന്നു




സൂര്യ
സിമന്റ് വർക്സ്
പൂവാട്ടുപറമ്പ്, കോഴിക്കോട് 673008
Mob: 9895 10 88 80, 99 95 84 13 66
ഫില്ലർ ടോപ്പുകൾ, കട്ടിള, ജനലുകൾ, ആർച്ചുകൾ, തുവാനി ഗ്രാസികൾ
ഓർഡർ പ്രകാരം ഇന്റർലോക്ക് സൈറ്റിൽ വന്ന് ഡിസൈൻ ചെയ്തുകൊടുക്കുന്നു

VOL: 4, ISSUE:
RNI REG NO. : KERMAL 16195

NAKSHATHRARAJYAM
TRI-MONTHLY (QUARTERLY)

2022 MAY, JUNE, JULY
RS. 10/-







Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.